2026 OCTOBER 19

emalayalee.com

# The Weekly

WEEKLY NEWSPAPER

C... alayalee.com | Phone: 917 324 4907; 917 662 1122



# വെറുപ്പിന്റെ വെടിയുണ്ടകൾ!

## നാം ഇവിടെ സുരക്ഷിതരല്ലേ?




## ഗാർഹിക പീഡനം കുടുംബത്തിന്റെ സ്വകാര്യപ്രശ്നമല്ല; സമൂഹം ഇടപെടണം


MALABAR
GOLD & DIAMONDS
THE SEASON OF
JEWELLERY
THE SEASON OF
OFFERS
FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE
Offer valid
until 8th November 2026
*T&C Apply

# ഇന്ത്യക്കാർക്ക് നേരെ വെറുപ്പിന്റെ വെടിയുണ്ടകൾ! നാം ഇവിടെ സുരക്ഷിതമല്ലേ?

ശ്രീകുമാർ ഉണ്ണിത്താൻ

അമേരിക്ക സ്വപ്നങ്ങളുടെ നാടാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലക്ഷക്കണക്കിന് മനുഷ്യർ മെച്ചപ്പെട്ട ജീവിതവും സുരക്ഷിതമായ ഭാവിയും തേടിയെത്തുന്ന രാജ്യം. ജാതിയും മതവും വർണവും ഭാഷയും മറികടന്ന് എല്ലാവർക്കും ഒരുപോലെ ജീവിക്കാനുള്ള സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന ജനാധിപത്യത്തിന്റെ പ്രതീകം.



അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തെ ആശങ്കയിലാഴ്ത്തുന്ന ചില സംഭവങ്ങൾ  ഷിക്കാഗോയിൽ നടന്നത് ഈ ചോദ്യത്തെ കൂടുതൽ ഗൗരവമുള്ളതാക്കുന്നു. വ്യക്തികൾക്കും അവരുടെ സ്ഥാപനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ മാത്രമല്ല, ഇന്ത്യൻ വംശജർ








ആരാധിക്കുന്ന ക്ഷേത്രങ്ങൾക്കുനേരെയുള്ള ഭീഷണികളും ആക്രമണപദ്ധതികളും ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷാബോധത്തെത്തന്നെ ചോദ്യം ചെയ്യുന്നു.

ഷിക്കാഗോയ്ക്ക് സമീപമുള്ള ഇല്ലിനോയിയിലെ ഒറോറയിലുള്ള ശ്രീ വെങ്കടേശ്വര സ്വാമി ക്ഷേത്രത്തെ ലക്ഷ്യമിട്ട് വൻ ആക്രമണം നടത്താൻ പദ്ധതിയിട്ടെന്ന വാർത്ത പുറത്തുവന്നപ്പോൾ ഇന്ത്യൻ സമൂഹം ഒന്നാകെ അമ്പരന്നു പോയി . ഒരു ആരാധനാലയത്തിനുനേരെയുള്ള ഭീഷണി എന്നതിലുപരി, ഇന്ത്യൻ വംശജരെ കൂട്ടത്തോടെ ലക്ഷ്യമിടാനുള്ള വിദ്വേഷത്തിന്റെ സൂചനയായാണ് ഈ സംഭവം പലരും കണ്ടത്. ഷൂട്ടറുടെ ലക്ഷ്യം ഇന്ത്യൻ സമൂഹത്തെ ആയിരുന്നു എന്നതാണെന്ന് വ്യക്തം.

പുറത്തുവന്ന റിപ്പോർട്ടുകൾ പ്രകാരം, പത്തൊമ്പതുകാരനായ അലക്സാണ്ട്രോസ് പപോരാകിസ് ഒറോറയിലെ ക്ഷേത്രത്തിൽ കൂട്ടവെടിവയ്പ് നടത്താനുള്ള പദ്ധതി തയ്യാറാക്കിയതായി ആരോപിക്കപ്പെട്ടു. ഇന്ത്യക്കാരെ കൊല്ലാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്ന തരത്തിലുള്ള പരാമർശങ്ങളും ഇയാളുടെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളിൽ ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ.

'എന്തിനാണ് ഞാൻ പോരാടുന്നത്; ഒറോറ ഷൂട്ടേഴ്സ് മാനിഫെസ്റ്റോ' എന്ന തലക്കെട്ടിലുള്ള എട്ടുപേജുള്ള രേഖയിൽ ജൂതർ, ഇന്ത്യക്കാർ, ആഫ്രിക്കൻ അമേരിക്കക്കാർ തുടങ്ങിയ വിഭാഗങ്ങൾക്കെതിരായ കടുത്ത വംശീയ വിദ്വേഷം പ്രകടിപ്പിച്ചിരുന്നതായി അസോസിയേറ്റഡ് പ്രസ് റിപ്പോർട്ട് ചെയ്തതായി വാർത്തകൾ പറയുന്നു. അവരൊക്കെ ശരിക്കും മനുഷ്യരല്ല (subhuman) എന്നതായിരുന്നു അയാളുടെ നിലപാട്.

ക്ഷേത്രത്തിൽ ആക്രമണം നടത്താനുള്ള നീക്കത്തെക്കുറിച്ച് ടാക്കോ ബെൽ ഫാസ്റ്റ് ഫുഡ് സ്റ്റോറിലെ സഹപ്രവർത്തകരിൽ ഒരാൾ പൊലീസിനെ അറിയിച്ചതിനെത്തുടർന്ന് അധികൃതർ ഇടപെട്ടു. പ്രതിയെ അറസ്റ്റ് ചെയ്തു. ഇയാളുടെ വീട്ടിൽനിന്ന് തോക്കുകളും മാഗസീനുകളും വെടിയുണ്ടകളും കണ്ടെത്തി.

സമയോചിതമായ പൊലീസ് ഇടപെടൽ വലിയൊരു ദുരന്തം ഒഴിവാക്കാൻ സഹായിച്ചുവെന്നത് ആശ്വാസകരമാണ്. എന്നാൽ അതോടൊപ്പം ഉയരുന്ന ചോദ്യം അതിലും ഗൗരവമുള്ളതാണ്. ഒരു ക്ഷേത്രത്തിൽ അല്ലെങ്കിൽ പള്ളികളിൽ പ്രാർത്ഥിക്കാനെത്തുന്ന സാധാരണക്കാരെ കൂട്ടക്കൊല ചെയ്യണമെന്ന ചിന്ത ഒരു യുവാവിന്റെ മനസ്സിൽ എങ്ങനെ രൂപപ്പെടുന്നു?

ഒരു മനുഷ്യനെ കൊല്ലാൻ തീരുമാനിക്കുന്നതിനു മുമ്പ് അയാൾ മറ്റൊരു മനുഷ്യനെ മനുഷ്യനായി കാണുന്നത് അവസാനിപ്പിക്കുന്നു. വിദ്വേഷത്തിന്റെ ഏറ്റവും അപകടകരമായ ഘട്ടം ഇതാണ്. മനുഷ്യന് മാനുഷത്യമില്ലാതെ ആവുന്ന അവസ്ഥ.

അമേരിക്കയിൽ ഇന്ത്യക്കാർക്കെതിരായ ആക്രമണങ്ങൾ വർധിച്ചുവരുന്നുവെന്ന ആശങ്ക സമൂഹമാധ്യമങ്ങളിലും ഇന്ത്യൻ സംഘടനകളുടെ ചർച്ചകളിലും ശക്തമാണ്. എന്നാൽ ഈ ആശങ്കയെ കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതുണ്ട്. എല്ലാ ആക്രമണങ്ങളും വംശീയ വിദ്വേഷത്തിന്റെ പേരിൽ നടക്കുന്നവയല്ല. അതേസമയം, വംശീയതയോ മതവിദ്വേഷമോ കുടിയേറ്റവിരുദ്ധ മനോഭാവമോ പ്രേരണയായ സംഭവങ്ങളെ അവഗണിക്കാനും കഴിയില്ല.

അമേരിക്കയിലെ ഇന്ത്യൻ സമൂഹം ഇന്ന് വളരെ വിപുലമാണ്.

ഡോക്ടർമാർ, എൻജിനീയർമാർ, ശാസ്ത്രജ്ഞർ, ഐടി വിദഗ്ധർ, ചെറുകിട സംരംഭകർ, വിദ്യാർഥികൾ, തൊഴിലാളികൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇന്ത്യക്കാർ സജീവമാണ്. സ്വന്തം അധ്വാനത്തിലൂടെ സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങൾ കൈവരിച്ച ഈ സമൂഹം അമേരിക്കയുടെ വളർച്ചയിലും നിർണായക പങ്കുവഹിക്കുന്നു. ഇന്ന് അമേരിക്കയിൽ ഏറ്റവും കൂടുതൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് ഇന്ത്യക്കാർ.

എന്നാൽ ഈ വളർച്ചയ്ക്കൊപ്പം ചില ഇടങ്ങളിൽ അസൂയയും അപരത്വബോധവും കുടിയേറ്റവിരുദ്ധ ചിന്തകളും വളരുന്നുണ്ടോ എന്ന ചോദ്യവും പ്രസക്തമാണ്. വിദേശത്തുനിന്നെത്തുന്നവർ തൊഴിലവസരങ്ങൾ പിടിച്ചെടുക്കുന്നു, പ്രാദേശിക സംസ്കാരത്തെ മാറ്റുന്നു, രാജ്യത്തിന്റെ വിഭവങ്ങളിൽ പങ്കുപറ്റുന്നു എന്നിങ്ങനെയുള്ള തെറ്റായ ധാരണകൾ ചിലരിൽ ശക്തിപ്പെടാം.

ചിലരുടെ കുറ്റകൃത്യങ്ങളുടെ പേരിൽ ഒരു ജനവിഭാഗത്തെ മുഴുവൻ കുറ്റപ്പെടുത്തുവാനും കഴിയില്ല, ഒരു രാജ്യത്തെ മുഴുവൻ ജനതയുടെയും നിലപാടായി ചിത്രീകരിക്കുന്നതും ശരിയല്ല.

ഒരു ക്ഷേത്രം അല്ലെങ്കിൽ പള്ളി എന്നത് കല്ലും കോൺക്രീറ്റുംകൊണ്ട് നിർമിച്ച കെട്ടിടം മാത്രമല്ല. പ്രവാസികൾക്ക് അത് സ്വന്തം നാടിന്റെ ഓർമയാണ്. കുട്ടികൾക്ക് സ്വന്തം സംസ്കാരം പരിചയപ്പെടാനുള്ള ഇടമാണ്. പ്രായമായവർക്ക് ആശ്വാസമാണ്. കുടുംബങ്ങൾക്കും സമാന ചിന്താഗതിക്കാർക്കും ഒത്തുചേരാനുള്ള കേന്ദ്രമാണ്. പല സാംസ്കാരിക പരിപാടികളും ഭാഷാപഠനവും സേവനപ്രവർത്തനങ്ങളും പലപ്പോഴും ഇത്തരം സ്ഥാപനങ്ങളെ ചുറ്റിപ്പറ്റിയാണ് നടക്കുന്നത്.

അതിനാൽ ഒരു ക്ഷേത്രത്തെയോ അല്ലെങ്കിൽ പള്ളിയേയോ ആക്രമിക്കാൻ പദ്ധതിയിടുന്നത് ഒരു കെട്ടിടത്തെ മാത്രം ലക്ഷ്യമിടുന്നതല്ല. അവിടെ ഒത്തുചേരുന്ന മനുഷ്യരുടെ സുരക്ഷാബോധത്തെയും അവരുടെ സ്വത്വത്തെയും വിശ്വാസത്തെയും ഭയപ്പെടുത്താനുള്ള ശ്രമമായും നമുക്ക് അനുഭവപ്പെടാം.

എല്ലാ വിദ്വേഷപ്രസംഗങ്ങളും അപകടകരമായ മുന്നറിയിപ്പുകളാണ്. വിദ്വേഷം ആദ്യം വാക്കുകളിലൂടെ വരുന്നു. പിന്നെ അത് ഭീഷണികളായി മാറാം. ചില സന്ദർഭങ്ങളിൽ അതേ വിദ്വേഷം ആയുധങ്ങളുമായി തെരുവിലിറങ്ങുകയും ചെയ്യാം. അതുകൊണ്ടുതന്നെ ഇത്തരം സംഭവങ്ങളെ വ്യക്തിപരമായ മാനസികപ്രശ്നമായി മാത്രം ചുരുക്കിക്കാണാതെ, അവയ്ക്ക് പിന്നിലുള്ള ആശയപരമായ സ്വാധീനങ്ങളും സാമൂഹിക സാഹചര്യങ്ങളും പരിശോധിക്കേണ്ടതുണ്ട്.

അമേരിക്കയിലെ ഇന്ത്യൻ സമൂഹം ഭയത്തിൽ കഴിയേണ്ടവരല്ല. എന്നാൽ സുരക്ഷയെക്കുറിച്ച് ജാഗ്രത പുലർത്തേണ്ട സമയമാണിത്. ഇന്ത്യൻ വംശജരെ ലക്ഷ്യമിടുന്ന വിദ്വേഷത്തിന് യാതൊരു ന്യായീകരണവുമില്ലെന്ന് ഉറച്ച ശബ്ദത്തിൽ നമുക്ക് പറയുവാനും കഴിയണം. നമ്മളുടെ ശബ്ദം അമേരിക്കൻ സമൂഹത്തിൽ മുഴങ്ങി കേൾക്കുകയും വേണം.

ക്ഷേത്രങ്ങളും, പള്ളികളും, സാംസ്കാരിക സ്ഥാപനങ്ങളും പ്രാദേശിക പൊലീസുമായി ആശയവിനിമയം ശക്തിപ്പെടുത്തണം. സംശയാസ്പദമായ ഭീഷണികൾ ലഭിച്ചാൽ അവ അധികൃതരെ അറിയിക്കണം. വംശീയ ആക്രമണങ്ങൾ നേരിടുന്നവർക്ക് പരാതി നൽകാനും നിയമസഹായം തേടാനും ആവശ്യമായ പിന്തുണ സാമൂഹ്യ സംഘടനകൾ ഉറപ്പാക്കണം.

വിദ്വേഷത്തിന്റെ ലക്ഷ്യം ഇന്ന് ഇന്ത്യക്കാരായിരിക്കാം; നാളെ മറ്റൊരു സമൂഹമായിരിക്കാം. ഒരു വിഭാഗത്തിന്റെ സുരക്ഷയെക്കുറിച്ച് മൗനം പാലിക്കുന്നത് മറ്റൊരു വിഭാഗത്തിന്റെ സുരക്ഷയും ഉറപ്പാക്കുന്നില്ല.

ഒറോറയിലെ ക്ഷേത്രത്തെ ലക്ഷ്യമിട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട ആക്രമണപദ്ധതി നമ്മെ ഓർമിപ്പിക്കുന്നത് ഒരു വലിയ സത്യമാണ്, അക്രമം സംഭവിച്ചശേഷം അനുശോചനം രേഖപ്പെടുത്തുന്നതിനെക്കാൾ പ്രധാനമാണ് അത് സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നത്.

ഇന്ത്യക്കാർ അമേരിക്കയിൽ അതിഥികളായി മാത്രം ജീവിക്കുന്നവരല്ല. ഈ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിലും ശാസ്ത്രത്തിലും വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സ്വന്തം അധ്വാനത്തിലൂടെ പങ്കുവഹിക്കുന്നവരാണ്. മറ്റേതൊരു പൗരനെയും പോലെ സുരക്ഷിതമായി ജീവിക്കാനും ആരാധിക്കാനും ജോലി ചെയ്യാനും അവർക്കും അവകാശമുണ്ട്.

അമേരിക്കയ്ക്ക് ഇന്ന് വേണ്ടത് കൂടുതൽ വിദ്വേഷമല്ല; കൂടുതൽ നീതിയാണ്. കൂടുതൽ ഭയമല്ല; കൂടുതൽ സുരക്ഷയാണ്. കൂടുതൽ വിഭജനമല്ല; മനുഷ്യരെ ഒന്നിപ്പിക്കുന്ന ധൈര്യമാണ്.

ആ ധൈര്യം സമൂഹത്തിനും ഭരണകൂടത്തിനും ഓരോ പൗരനും ഉണ്ടാകണം. അതുണ്ടെങ്കിൽ മാത്രമേ സ്വപ്നങ്ങളുടെ നാട് എല്ലാവരുടെയും സുരക്ഷിതമായ വീടായി തുടരുകയുള്ളൂ.

CELEBRATING 30 Yrs. Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# JOHN ISAAC

FOR NY STATE ASSEMBLY

**PUBLIC SAFETY | EDUCATION**
**YONKERS FIRST | AFFORDABILITY**



(914) 350-0590

VOTEJOHNISAAC.COM

**VOTE NOVEMBER 3, 2026**

# 'ഗാർഹിക പീഡനം കുടുംബത്തിന്റെ സ്വകാര്യപ്രശ്നമല്ല; സമൂഹം ഇടപെടണം': ഹസീന മൂപ്പൻ

അമേരിക്കയിലെ സമ്പന്നമായ കുടുംബങ്ങളിലും വിദ്യാഭ്യാസവും സാമൂഹിക പദവിയുമുള്ളവർക്കിടയിലും ഗാർഹിക പീഡനം സംഭവിക്കാം. എന്നാൽ, കുടുംബത്തിന്റെ അഭിമാനം, മതപരമായ വ്യാഖ്യാനങ്ങൾ, സാമ്പത്തിക ആശ്രിതത്വം, കുടിയേറ്റവുമായി ബന്ധപ്പെട്ട ഭീതികൾ എന്നിവ കാരണം പല സ്ത്രീകൾക്കും ദുരനുഭവങ്ങൾ പുറത്തുപറയാൻ കഴിയുന്നില്ല. സഹായം തേടാൻ മുന്നോട്ടുവരുന്നവർക്ക് പലപ്പോഴും സ്വന്തം ഭാഷയിൽ സംസാരിക്കാനോ വിശ്വസിക്കാവുന്ന ഒരാളോട് മനസ്സുതുറക്കാനോ പോലും അവസരമുണ്ടാകില്ല.

ഈ നിശ്ശബ്ദതയ്ക്കിടയിലാണ് ന്യൂയോർക്കിലെ ലോങ് ഐലൻഡ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡൊമസ്റ്റിക് ഹാർമണി ഫൗണ്ടേഷൻ (Domestic Harmony Foundation - DHF) പ്രസക്തമാകുന്നത്. ഗാർഹിക പീഡനത്തെ അതിജീവിക്കുന്ന സ്ത്രീകൾക്കും കുടുംബങ്ങൾക്കും പിന്തുണ നൽകുന്നതിനൊപ്പം, ബോധവൽക്കരണത്തിലൂടെയും യുവജനപരിപാടികളിലൂടെയും ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തിയെടുക്കാനുമാണ് സംഘടന ശ്രമിക്കുന്നത്.

1992-ൽ ഇസ്‌ലാമിക് സെന്റർ ഓഫ് ലോങ് ഐലൻഡിന്റെ കീഴിൽ



ഒരു ചെറിയ കമ്മിറ്റിയായി ആരംഭിച്ച സംരംഭം 2009-ൽ സ്വതന്ത്ര നോൺ-പ്രോഫിറ്റ് സംഘടനയായി മാറി. സ്ത്രീകൾക്ക് കൗൺസലിങ്,സാമ്പത്തികവും മാനസികവുമായ പിന്തുണ, വിദ്യാഭ്യാസവും തൊഴിൽപരമായ സ്വയംപര്യാപ്തതയും നേടാനുള്ള സഹായം എന്നിവ ലഭ്യമാക്കുന്നതിനൊപ്പം, യുവജനങ്ങൾക്കിടയിൽ ആരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ചുള്ള അവബോധം വളർത്താനും ഉഒഎ പ്രവർത്തിക്കുന്നു.

സംഘടനയുടെ ബോർഡ് ചെയർപേഴ്സൺ ഹസീന മൂപ്പനുമായി നടത്തിയ സംഭാഷണം ഗാർഹിക പീഡനത്തിന്റെ സങ്കീർണതകളിലേക്കും കുടിയേറ്റ സമൂഹങ്ങളുടെ വെല്ലുവിളികളിലേക്കും സാമൂഹിക ഉത്തരവാദിത്വത്തിന്റെ വിശാലമായ അർഥത്തിലേക്കും വെളിച്ചം വീശുന്നു...







***ഡൊമസ്റ്റിക് ഹാർമണി ഫൗണ്ടേഷന്റെ തുടക്കം എങ്ങനെയായിരുന്നു? അത്തരമൊരു സംഘടനയുടെ ആവശ്യകത തിരിച്ചറിയാൻ ഇടയായ സാഹചര്യം എന്താണ്?***

1992ൽ ഇസ്‌ലാമിക് സെന്റർ ഓഫ് ലോങ് ഐലൻഡിന്റെ കീഴിൽ ഒരു ചെറിയ കമ്മിറ്റിയായിട്ടാണ് ഞങ്ങളുടെ പ്രവർത്തനം ആരംഭിച്ചത്. ജോലി സംബന്ധമായും മറ്റു സാമൂഹിക പരിപാടികളിലൂടെയും പരിചയപ്പെട്ടിരുന്ന ചില പ്രൊഫഷണൽ വനിതകളെ ഒരു സ്ത്രീ സമീപിച്ച് വീട്ടിൽ നേരിടുന്ന പീഡനത്തെക്കുറിച്ച് സഹായം അഭ്യർഥിച്ചതാണ് തുടക്കത്തിന് കാരണമായത്.

ആദ്യമായി സഹായം തേടിയെത്തിയ സ്ത്രീ ഈജിപ്തിൽനിന്നുള്ള ഒരു അധ്യാപികയായിരുന്നു.സഹായത്തിനായി സമീപിച്ചവരിൽ ഇന്ത്യയിൽനിന്നും പാകിസ്ഥാനിൽനിന്നുമുള്ള വനിതകളുമുണ്ടായിരുന്നു. ഡോക്ടർമാരും മനഃശാസ്ത്ര വിദഗ്ധരും വീട്ടമ്മമാരുമൊക്കെ ഉൾപ്പെട്ട ഒരു കൂട്ടമായിരുന്നു അത്. ഇത്തരമൊരു പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് അവർക്ക് ആദ്യം വ്യക്തതയുണ്ടായിരുന്നില്ല.

ലോങ് ഐലൻഡ് സാമ്പത്തികമായി മെച്ചപ്പെട്ട ഒരു പ്രദേശമായതിനാൽ, അവിടെ ഗാർഹിക പീഡനം സംഭവിക്കുമെന്ന് പലരും കരുതിയിരുന്നില്ല. ദാരിദ്ര്യവും വിദ്യാഭ്യാസമില്ലായ്മയും മാത്രമാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്ന ധാരണയും നിലനിന്നിരുന്നു. എന്നാൽ യാഥാർഥ്യം അതിൽനിന്ന് വ്യത്യസ്തമായിരുന്നു.

തുടർന്ന്, പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ ഒരു അജ്ഞാത സർവേ നടത്താൻ അവർ തീരുമാനിച്ചു. ലഭിച്ച പ്രതികരണങ്ങൾ ആശങ്കാജനകമായിരുന്നു. കൂടുതൽ ക്രമബദ്ധമായ പിന്തുണ ആവശ്യമാണെന്ന് അതിലൂടെ ബോധ്യമായി. അങ്ങനെയാണ് ഇസ്‌ലാമിക് സെന്ററിന്റെ കീഴിൽ 'Domestic ഹാർമണി കമ്മിറ്റി' പ്രവർത്തനം ആരംഭിച്ചത്.

പിന്നീട് അത് ഒരു മതത്തിൽ ഒതുങ്ങാതെ ഡൊമസ്റ്റിക് ഹാർമണി ഫൗണ്ടേഷനായി വളർന്നു.

ആദ്യകാലത്ത് സഹായം ആവശ്യപ്പെട്ടെത്തുന്നവരെ കൗൺസലർമാരുമായും മനഃശാസ്ത്ര വിദഗ്ധരുമായും ബന്ധിപ്പിക്കുകയായിരുന്നു പ്രധാന പ്രവർത്തനം. ചിലർക്ക് അടിയന്തരമായി വീടുവിട്ടിറങ്ങേണ്ടിവന്നാൽ ഭക്ഷണത്തിനും മറ്റു അടിസ്ഥാന ആവശ്യങ്ങൾക്കുമായി ചെറിയ സാമ്പത്തിക സഹായവും നൽകി. എന്നാൽ, കാലക്രമേണ സഹായം തേടിയെത്തുന്നവരുടെ എണ്ണം വർധിച്ചു. കൂടുതൽ ഫണ്ടും സ്വതന്ത്രമായ പ്രവർത്തനസംവിധാനവും ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതോടെ 2009-ൽ സംഘടന നോൺ-പ്രോഫിറ്റ് സ്ഥാപനമായി രജിസ്റ്റർ ചെയ്തു.

***താങ്കൾ എങ്ങനെയാണ് ഈ സംഘടനയുടെ പ്രവർത്തനങ്ങളിലേക്ക് എത്തിയത്? തുടക്കത്തിൽ ധനസമാഹരണത്തിനായി മാത്രമാണ് എത്തിയതെന്നും പിന്നീട് കാഴ്ചപ്പാടിൽ മാറ്റമുണ്ടായെന്നും പറഞ്ഞല്ലോ?***

ഞാൻ ആദ്യം ഈ മേഖലയെക്കുറിച്ച് വലിയ അറിവുള്ള വ്യക്തിയായിരുന്നില്ല. സുവോളജിയായിരുന്നു ഞാൻ പഠിച്ചത്. അമേരിക്കയിലെത്തിയശേഷം കുറച്ചുകാലം ബാങ്കിൽ ജോലി ചെയ്തു. പിന്നീട് മക്കളുടെ വളർച്ചയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ജോലിയിൽനിന്ന് മാറിനിന്നു. ഇന്ത്യൻ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിലും സാമൂഹിക കൂട്ടായ്മകളിലും ടെന്നീസിലുമൊക്കെയായിരുന്നു അന്നത്തെ എന്റെ







പങ്കാളിത്തം.

അങ്ങനെയിരിക്കെ, സംഘടനയുമായി ബന്ധപ്പെട്ട സുഹൃത്തുക്കൾ എന്നെ സമീപിച്ചു. ഇത്തരം വിഷയങ്ങളിൽ നേരിട്ട് പ്രവർത്തിക്കാനുള്ള പരിശീലനമോ പ്രൊഫഷണൽ യോഗ്യതയോ എനിക്കില്ലെന്ന് ഞാൻ പറഞ്ഞു. എന്നാൽ ധനസമാഹരണത്തിനും കൂടുതൽ ആളുകളിലേക്ക് സംഘടനയുടെ പ്രവർത്തനങ്ങൾ എത്തിക്കാനും എന്റെ ബന്ധങ്ങൾ പ്രയോജനപ്പെടുത്താമെന്ന് അവർ പറഞ്ഞു. അങ്ങനെയാണ് ഞാൻ ഇതിന്റെ ഭാഗമായത്.

പക്ഷേ, പ്രവർത്തനങ്ങളിൽ ഇറങ്ങിത്തിരിച്ചതും എന്റെ കാഴ്ചപ്പാട് മാറി. സഹായം തേടിയെത്തിയ സ്ത്രീകളുടെ ജീവിതം മനസ്സിലാക്കിയപ്പോൾ ഞാൻ എന്നെത്തന്നെ അവരുടെ സ്ഥാനത്ത് സങ്കൽപ്പിച്ചു. ഞാനും വിവാഹശേഷം 1977ൽ വെറും ഇരുപതാം വയസ്സിൽ അമേരിക്കയിലെത്തിയതാണ്. എനിക്ക് ഇവിടെ സ്വന്തം കുടുംബത്തിന്റെ പിന്തുണയുണ്ടായിരുന്നില്ല. എന്റെ ഭർത്താവ് എനിക്ക് ജോലി ചെയ്യാനും സുഹൃത്തുക്കളെ കാണാനും സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്വാതന്ത്ര്യം നൽകിയിരുന്നു. എന്നാൽ അതേ സാഹചര്യം മറ്റൊരു സ്ത്രീക്ക് ലഭിച്ചില്ലെങ്കിലോ?

എനിക്ക് ലഭിച്ച സ്വാതന്ത്ര്യവും അവസരങ്ങളും മറ്റൊരു സ്ത്രീക്ക് നിഷേധിക്കപ്പെടുന്നത് കണ്ടപ്പോൾ, അത് വെറും സാമൂഹിക പ്രശ്നമല്ലെന്നും ഒരു വ്യക്തിയുടെ ജീവിതത്തെ മുഴുവൻ മാറ്റിമറിക്കുന്ന അനുഭവമാണെന്നും തിരിച്ചറിഞ്ഞു. അങ്ങനെയാണ് ഈ പ്രവർത്തനങ്ങളോടുള്ള എന്റെ പ്രതിബദ്ധത വർദ്ധിച്ചത്.

***സംഘടനയുടെ പ്രവർത്തനങ്ങൾ ഒരാളുടെ ജീവിതത്തിൽ വലിയ മാറ്റമുണ്ടാക്കിയ അനുഭവം പങ്കുവെക്കാമോ?***

ആദ്യകാലത്ത് സഹായം തേടിയെത്തിയ ആ ഈജിപ്ഷ്യൻ വനിതയുടെ ജീവിതം തന്നെ വലിയൊരു ഉദാഹരണമാണ്. അവർ നാട്ടിൽ അധ്യാപികയായിരുന്നു. കഴിവും ബുദ്ധിശക്തിയും കലാപരമായ അഭിരുചിയുമുള്ള വ്യക്തി. എന്നാൽ, വിവാഹശേഷം

അമേരിക്കയിലെത്തിയതോടെ അവരുടെ ജീവിതം നിയന്ത്രിക്കപ്പെടാൻ തുടങ്ങി. പുറത്തുപോകാനും സുഹൃത്തുക്കളെ കണ്ടെത്തുന്നതും ഇംഗ്ലീഷ് പഠിക്കുന്നതുമെല്ലാം ഭർത്താവ് വിലക്കി.

Her life was limited to being a housewife raising two children. And her husband decided that she was not good enough for him and started an affair. That was the last straw for her. But,

ഭാഷ അറിയില്ല, സ്വന്തം കുടുംബം അടുത്തില്ല, സാമ്പത്തിക സ്വാതന്ത്ര്യമില്ല. അത്തരമൊരു സാഹചര്യത്തിൽ ഒരു സ്ത്രീക്ക് സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനമെടുക്കുക എത്ര പ്രയാസകരമാണെന്ന് ചിന്തിച്ചുനോക്കൂ.

And with courage she reached out to the women at ICLI.

ഞങ്ങളുടെ സംഘടനയിൽനിന്ന് പിന്തുണ ലഭിച്ചതോടെ അവർ വിവാഹബന്ധത്തിൽനിന്ന് പുറത്തുകടക്കാൻ ധൈര്യം നേടി. പിന്നീട്, കോളജിൽ ചേർന്ന് പഠനം തുടർന്നു. സാമ്പത്തിക സഹായവും സ്കോളർഷിപ്പും ഉൾപ്പെടെയുള്ള പിന്തുണയോടെ അവർ സാമൂഹിക പ്രവർത്തനരംഗത്ത് ബിരുദാനന്തര യോഗ്യത നേടി; ആർട്ട് തെറാപ്പിയിലും പരിശീലനം നേടി.

തുടർന്ന്, അവർ സാമൂഹിക പ്രവർത്തകയായി ജോലി ചെയ്യുന്നതിനൊപ്പം ഞങ്ങളുടെ സംഘടനയുടെ പാർട്ട് ആയി ഗാർഹിക പീഡനത്തെ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ആർട്ട് തെറാപ്പി നൽകുന്നതിലും പങ്കാളിയായി.

ഒരു ഘട്ടത്തിൽ മറ്റുള്ളവരുടെ സഹായം ആവശ്യമായിരുന്ന വ്യക്തി പിന്നീട് മറ്റുള്ളവർക്ക് തുണയാകുന്ന നിലയിലേക്ക് വളർന്നു. അതാണ് ഞങ്ങളുടെ പ്രവർത്തനത്തിന്റെ യഥാർഥ ലക്ഷ്യം. ഒരാൾക്ക് താൽക്കാലിക സഹായം നൽകുക മാത്രമല്ല, സ്വന്തം കാലിൽ നിൽക്കാനും ജീവിതം പുനർനിർമിക്കാനും കഴിയുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്.

***കുടിയേറ്റ സമൂഹങ്ങളിൽ ഗാർഹിക പീഡനം പുറത്തുപറയാൻ സ്ത്രീകൾ മടിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്?***

ഇതിന് പല കാരണങ്ങളുണ്ട്. മതം, സംസ്കാരം, ഭാഷ, സാമ്പത്തിക സാഹചര്യം, കുടുംബത്തിന്റെ സമീപനം, കുടിയേറ്റവുമായി ബന്ധപ്പെട്ട ആശങ്കകൾ എന്നിവയെല്ലാം ഇതിൽ പങ്കുവഹിക്കുന്നു.

പല സ്ത്രീകൾക്കും അമേരിക്കയിൽ സ്വന്തം കുടുംബത്തിന്റെ പിന്തുണയുണ്ടാകില്ല. ഭാഷ അറിയാത്തവർക്ക് സുഹൃത്തുക്കളെ കണ്ടെത്താനോ സഹായം തേടാനോ ബുദ്ധിമുട്ടാണ്. ചിലരുടെ പാസ്പോർട്ടും ഗ്രീൻ കാർഡും മറ്റു രേഖകളും പങ്കാളി കൈവശംവയ്ക്കും. പ്രശ്നം പുറത്തുപറഞ്ഞാൽ കുടിയേറ്റ പദവി നഷ്ടപ്പെടുത്തുമെന്നോ നാട്ടിലേക്ക് തിരിച്ചയക്കുമെന്നോ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങളുമുണ്ട്.

മതത്തിന്റെ പേരിലും തെറ്റായ ധാരണകൾ പ്രചരിപ്പിക്കപ്പെടാറുണ്ട്. കുടുംബജീവിതത്തിൽ സ്ത്രീ എല്ലാം സഹിക്കണമെന്നോ പുരുഷന് എല്ലാം അനുവദനീയമാണെന്നോ ഉള്ള വ്യാഖ്യാനങ്ങൾ ചിലരെ നിശ്ശബ്ദരാക്കുന്നു. മതത്തിന്റെ യഥാർഥ സന്ദേശം എന്താണെന്നതിനെക്കാൾ, അധികാരം നിലനിർത്താൻ അതിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് ഇവിടെ പ്രശ്നം.

വിദ്യാഭ്യാസമില്ലായ്മയും സാമ്പത്തിക ആശ്രിതത്വവും ചിലരുടെ സ്ഥിതി കൂടുതൽ സങ്കീർണമാക്കുന്നു. വിദേശത്തുള്ള വിവാഹബന്ധങ്ങൾക്കായി മക്കളെ തയ്യാറാക്കുമ്പോൾ, വരന്റെ യഥാർഥ സ്വഭാവവും ജീവിതസാഹചര്യവും മനസ്സിലാക്കാൻ കുടുംബങ്ങൾ വേണ്ടത്ര ശ്രമിക്കാത്ത സംഭവങ്ങളും കാണുന്നുണ്ട്. അമേരിക്കയിലെ ജീവിതം മെച്ചപ്പെട്ടതായിരിക്കുമെന്ന പ്രതീക്ഷയിൽ വിവാഹം കഴിപ്പിക്കുന്ന മാതാപിതാക്കൾക്ക് പലപ്പോഴും മകളുടെ ഭാവിയിൽ എന്താണ് സംഭവിക്കുന്നതെന്ന് അറിയാനാകില്ല.

ഇതെല്ലാം പറയുമ്പോൾ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്- ഗാർഹിക പീഡനം ഒരു പ്രത്യേക മതത്തിന്റെയോ രാജ്യത്തിന്റെയോ സാമ്പത്തിക വിഭാഗത്തിന്റെയോ മാത്രം പ്രശ്നമല്ല. അത് വിവിധ സമൂഹങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ സംഭവിക്കാം. അതിനെ നേരിടാൻ ഓരോ സമൂഹവും സ്വന്തം പ്രശ്നങ്ങളെ സത്യസന്ധമായി അംഗീകരിക്കണം.

***DHF തുടക്കത്തിൽ മുസ്‌ലിം സമൂഹത്തെ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചതെങ്കിലും പിന്നീട് മറ്റു സമൂഹങ്ങളിലേക്കും വ്യാപിച്ചല്ലോ. അതിന്റെ കാരണം എന്താണ്?***

സംഘടനയുടെ തുടക്കം ഇസ്‌ലാമിക് സെന്റർ ഓഫ് ലോങ് ഐലൻഡിലായതിനാൽ ആദ്യകാലത്ത് മുസ്‌ലിം വനിതകളായിരുന്നു പ്രധാനമായും സഹായം തേടിയെത്തിയത്. എന്നാൽ പിന്നീട് മറ്റു മതവിഭാഗങ്ങളിൽനിന്നും വിവിധ രാജ്യങ്ങളിൽനിന്നുമുള്ള സ്ത്രീകളും സമീപിക്കാൻ തുടങ്ങി.

മതസ്ഥാപനങ്ങൾ ചിലർക്ക് വലിയ ആശ്വാസത്തിന്റെ ഇടമാണ്. എന്നാൽ മറ്റുചിലർക്ക് അവിടേക്ക് കടന്നുചെന്ന് സ്വന്തം കുടുംബപ്രശ്നങ്ങൾ തുറന്നുപറയാൻ മടിയുണ്ടാകും. അതുകൊണ്ടുതന്നെ സഹായം ഒരു മതത്തിന്റെയോ സമുദായത്തിന്റെയോ പരിധിയിൽ ഒതുങ്ങരുതെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

ഇന്ന് ഞങ്ങളുടെ സേവനങ്ങൾക്കായി സമീപിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മതമോ ദേശീയതയോ അടിസ്ഥാനമാക്കിയുള്ള വ്യത്യാസമില്ല. സംഘടനയുടെ ലക്ഷ്യം സഹായം ആവശ്യമുള്ളവരിലേക്ക് എത്തുക എന്നതാണ്.

ഇവിടെ മറ്റൊരു വെല്ലുവിളിയുമുണ്ട്. ഗാർഹിക പീഡനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ചിലർക്ക് സ്വന്തം സമൂഹത്തിന്റെ പേരിന് കളങ്കമുണ്ടാകുമെന്ന ആശങ്കയാണ്. ഒരു സമൂഹത്തിൽനിന്നുള്ള അതിജീവിത സ്വന്തം അനുഭവം പങ്കുവെച്ചാൽ ആ സമൂഹത്തെ മുഴുവൻ കുറ്റപ്പെടുത്തുന്നതുപോലെ കാണുന്നവരുമുണ്ട്. എന്നാൽ ഒരു പ്രശ്നം പുറത്തുപറയുന്നതിലൂടെ സമൂഹത്തിന്റെ അഭിമാനം നഷ്ടപ്പെടുന്നില്ല. മറിച്ച്, അതിനെ അംഗീകരിച്ച് പരിഹരിക്കാനുള്ള ധൈര്യമാണ് യഥാർഥത്തിൽ സമൂഹത്തെ ശക്തിപ്പെടുത്തുന്നത്.




*ഗാർഹിക പീഡനത്തെ അതിജീവിക്കുന്ന സ്ത്രീകൾക്ക് DHF നൽകുന്ന പിന്തുണയുടെ പ്രധാന മേഖലകൾ ഏതൊക്കെയാണ്?*

കൗൺസലിങ്, ഗ്രൂപ്പ് സെഷനുകൾ, മാനസിക പിന്തുണ, ആവശ്യമായ സാമൂഹിക സേവനങ്ങളിലേക്കുള്ള വഴികാട്ടൽ, എന്നിവയാണ് പ്രധാന മേഖലകൾ. അടിയന്തര സഹായം ആവശ്യമുള്ളവരുടെ സാഹചര്യത്തിനനുസരിച്ച് അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ചെറിയ സാമ്പത്തിക സഹായവും നൽകാറുണ്ട്.

ഗ്രൂപ്പ് സെഷനുകൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. പീഡനം നേരിടുന്ന ഒരാൾക്ക് താൻ മാത്രമാണ് ഇത്തരമൊരു അനുഭവത്തിലൂടെ കടന്നുപോകുന്നതെന്ന് തോന്നാം. പ്രത്യേകിച്ച് ഭാഷ അറിയാത്തവർക്കും സുഹൃത്തുക്കളില്ലാത്തവർക്കും ഈ ഏകാന്തത വേദനാജനകമാണ്. എന്നാൽ സമാന അനുഭവങ്ങളുള്ളവരുമായി സംസാരിക്കുമ്പോൾ അവർക്ക് പരസ്പരം കരുത്തുപകരാൻ കഴിയും. ചിലർ മറ്റുള്ളവർക്ക് ജോലി കണ്ടെത്താൻ സഹായിക്കും; ചിലർക്ക് തങ്ങളുടെ പ്രശ്നങ്ങളെ പുതിയൊരു കാഴ്ചപ്പാടിൽ മനസ്സിലാക്കാനും സാധിക്കും.

വിദ്യാഭ്യാസവും തൊഴിൽപരമായ യോഗ്യതകളും നേടാനുള്ള സഹായവും ഞങ്ങൾ നൽകാറുണ്ട്. ഉദാഹരണത്തിന്, ഇന്ത്യയിൽ ഫാർമസി കോഴ്സ് പഠിച്ച ഒരാൾക്ക് അമേരിക്കയിൽ പ്രൊഫഷണൽ ലൈസൻസ് നേടാൻ ആവശ്യമായ പരീക്ഷകൾക്കോ കോഴ്സുകൾക്കോ സാമ്പത്തിക പിന്തുണ നൽകേണ്ടിവരാം.

എന്നാൽ എല്ലാവരെയും ദീർഘകാലം സംഘടനയെ ആശ്രയിച്ച് ജീവിക്കുന്നവരാക്കുക എന്നതല്ല ഞങ്ങളുടെ ലക്ഷ്യം. അവർക്ക് സ്വന്തം ജീവിതം മുന്നോട്ടുകൊണ്ടുപോകാനും സാമ്പത്തികമായി സ്വയംപര്യാപ്തരാകാനും ആത്മവിശ്വാസത്തോടെ തീരുമാനങ്ങളെടുക്കാനും കഴിയണം.

നിയമസഹായത്തിന്റെ കാര്യത്തിൽ വലിയ വെല്ലുവിളികളുണ്ട്. അമേരിക്കയിലെ നിയമനടപടികൾ ചെലവേറിയതും സമയമെടുക്കുന്നതുമാണ്. സാമ്പത്തികശേഷിയുള്ള പങ്കാളിക്ക് മികച്ച അഭിഭാഷകരെ നിയമിക്കാൻ കഴിയുമ്പോൾ, എതിർവശത്തുള്ള സ്ത്രീക്ക് അതേ അവസരങ്ങൾ ലഭിക്കണമെന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ കുട്ടികളുടെ സംരക്ഷണം ഉൾപ്പെടെയുള്ള വിഷയങ്ങൾ കൂടുതൽ സങ്കീർണമാകാം. അതിനാൽ ഓരോരുത്തരുടെയും സാഹചര്യത്തിനനുസരിച്ച് ലഭ്യമായ നിയമ-സാമൂഹിക സേവനങ്ങളിലേക്ക് അവരെ നയിക്കേണ്ടത് അത്യാവശ്യമാണ്.

*ഗാർഹിക പീഡനം സംഭവിച്ചശേഷം സഹായം നൽകുന്നതിനപ്പുറം, അത് തടയാനുള്ള പ്രവർത്തനങ്ങൾക്കും DHF പ്രാധാന്യം നൽകുന്നുണ്ട്. യുവജനപരിപാടികളെക്കുറിച്ച് വിശദീകരിക്കാമോ?*

ഞങ്ങളുടെ പ്രവർത്തനത്തിലെ പ്രധാനപ്പെട്ട ഒന്നാണ് സമ്മർ ക്യാമ്പിനോടനുബന്ധിച്ചുള്ള സമ്മർ യൂത്ത് ലീഡർഷിപ്പ് പ്രോഗ്രാം. ഏകദേശം 13 മുതൽ 19 വയസ്സുവരെയുള്ള യുവാക്കളെ ലക്ഷ്യമിട്ടാണ് ഈ പരിപാടി നടത്തുന്നത്. പതിമൂന്ന്പതിനാലു വർഷത്തോളമായി ഇത് തുടരുന്നുണ്ട്.

ആരോഗ്യകരമായ ബന്ധങ്ങൾ, ആത്മാഭിമാനം, സ്വയംവിശ്വാസം, സഹപാഠികളിൽനിന്നുള്ള സമ്മർദം, ബുള്ളിയിങ്, ലഹരിവസ്തുക്കളുടെ ഉപയോഗം, നേതൃത്വഗുണങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഇതിലൂടെ ചർച്ച ചെയ്യുന്നു. ബന്ധങ്ങളിൽ കാണുന്ന മുന്നറിയിപ്പുകളും ചില സൂചനകളെക്കുറിച്ചും ബോധവത്കരിക്കുന്ന 'റെഡ് ഫ്ലാഗ്സ്' സംരംഭവും കോളജുകളിലെ പരിപാടികളും ഇതിന്റെ ഭാഗമാണ്.

ചെറുപ്പത്തിൽ രൂപപ്പെടുന്ന മനോഭാവങ്ങൾ പിന്നീട് മാറ്റുക എളുപ്പമല്ല. അതുകൊണ്ട് കൗമാരപ്രായത്തിൽത്തന്നെ പരസ്പര ബഹുമാനം,

വ്യക്തിസ്വാതന്ത്ര്യം, ഉത്തരവാദിത്വം, ആരോഗ്യകരമായ ബന്ധങ്ങൾ എന്നിവയെക്കുറിച്ച് സംസാരിക്കണം.

കുട്ടികൾ വളരുന്ന വീട്ടിലെ അന്തരീക്ഷവും നിർണായകമാണ്. മാതാപിതാക്കൾ തമ്മിൽ എങ്ങനെ സംസാരിക്കുന്നു, അഭിപ്രായവ്യത്യാസങ്ങൾ എങ്ങനെ പരിഹരിക്കുന്നു, വീട്ടുജോലികൾ എങ്ങനെ പങ്കിടുന്നു, സ്ത്രീകളോട് എങ്ങനെ പെരുമാറുന്നു എന്നതെല്ലാം കുട്ടികൾ ശ്രദ്ധിക്കുന്നുണ്ട്. കുടുംബത്തിൽ കാണുന്ന പെരുമാറ്റമാണ് പലപ്പോഴും അവരുടെ ആദ്യ പാഠം.

യുവാക്കളെ നിയന്ത്രിക്കുന്നതിലുപരി, അവർക്ക് ചോദ്യങ്ങൾ ചോദിക്കാനും സംശയങ്ങൾ പങ്കുവെക്കാനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുകയാണ് വേണ്ടത്. പ്രണയം, വിവാഹം, ലൈംഗികത, പരസ്പര സമ്മതം, ബന്ധങ്ങളിലെ ഉത്തരവാദിത്വം തുടങ്ങിയ വിഷയങ്ങൾ സംസാരിക്കാൻ പാടില്ലാത്തവയാണെന്ന സമീപനം മാറ്റണം. തുറന്ന സംഭാഷണങ്ങളുടെ അഭാവം കുട്ടികളെ ഇരട്ടജീവിതത്തിലേക്കും ആശയക്കുഴപ്പത്തിലേക്കും നയിക്കാം.

### *വിവാഹജീവിതത്തിലെ പ്രശ്നങ്ങൾ കുറയ്ക്കാൻ കുടുംബങ്ങൾക്കും മത-സാമൂഹിക സ്ഥാപനങ്ങൾക്കും എന്ത് ചെയ്യാനാകും?*

വിവാഹത്തിന് മുമ്പുള്ള കൗൺസലിങ്ങിന് വലിയ പ്രാധാന്യമുണ്ട്. വിവാഹം എന്നത് രണ്ട് വ്യക്തികൾ ഒരുമിച്ച് ജീവിക്കാൻ തീരുമാനിക്കുന്നതുമാത്രമല്ല; അവരുടെ പ്രതീക്ഷകളും ഉത്തരവാദിത്വങ്ങളും ജീവിതശൈലികളും പരസ്പരം മനസ്സിലാക്കേണ്ട ബന്ധവുമാണ്.

പ്രത്യേകിച്ച് കുടിയേറ്റസമൂഹങ്ങളിൽ വിവാഹശേഷം അമേരിക്കയിലെ ജീവിതം എങ്ങനെയായിരിക്കുമെന്ന് യുവാക്കൾക്ക് വ്യക്തമായ ധാരണയുണ്ടാകണം. ജോലി, സാമ്പത്തിക ഉത്തരവാദിത്വങ്ങൾ, കുട്ടികളുടെ വളർച്ച, വീട്ടുജോലികളുടെ പങ്കുവെക്കൽ, വ്യക്തിപരമായ സ്വാതന്ത്ര്യം, കുടുംബാംഗങ്ങളുമായുള്ള ബന്ധം തുടങ്ങിയ കാര്യങ്ങൾ വിവാഹത്തിന് മുമ്പുതന്നെ ചർച്ച ചെയ്യണം.

ഒരു വ്യക്തി പ്രൊഫഷണൽ ജീവിതം തിരഞ്ഞെടുക്കുമ്പോൾ ജോലിയുടെ സ്വഭാവമനുസരിച്ച് സമയവും ഉത്തരവാദിത്വങ്ങളും മാറും. ഡോക്ടർമാരെപ്പോലെ രാത്രിയിലും ജോലി ചെയ്യേണ്ടിവരുന്നവരുണ്ട്. അത്തരം സാഹചര്യങ്ങളിൽ പങ്കാളികൾ പരസ്പരം മനസ്സിലാക്കുകയും ഉത്തരവാദിത്വങ്ങൾ പങ്കിടുകയും വേണം. ഇത് സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ ബാധകമാണ്.

മതനേതാക്കൾക്കും ഈ രംഗത്ത് നിർണായക പങ്കുണ്ട്. കുടുംബങ്ങൾ ആദ്യം സമീപിക്കുന്നത് പലപ്പോഴും സ്വന്തം ബന്ധുക്കളെയോ മതനേതാക്കളെയോ ആയിരിക്കും. അപ്പോൾ 'ക്ഷമിക്കൂ, എല്ലാം ശരിയാകും' എന്നു മാത്രം പറയുന്നത് മതിയാകില്ല. പീഡനത്തിന്റെ മുന്നറിയിപ്പ് ലക്ഷണങ്ങൾ തിരിച്ചറിയാനും ആവശ്യമായ വിദഗ്ധസഹായത്തിലേക്ക് വ്യക്തികളെ നയിക്കാനും അവർക്കു കഴിയണം.

ഇസ്‌ലാമിക് സെന്റർ ഓഫ് ലോങ് ഐലൻഡിലുൾപ്പെടെ വിവിധ മത-സാമൂഹിക കൂട്ടായ്മകളുമായി ഞങ്ങൾ ബോധവത്കരണത്തിനായി പ്രവർത്തിക്കുന്നുണ്ട്. മതപ്രഭാഷണങ്ങളിലും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടാറുണ്ട്. ഗാർഹിക പീഡനം തടയുന്നത് ഒരു സംഘടനയുടെ മാത്രം ഉത്തരവാദിത്വമല്ല; കുടുംബങ്ങളും മതസ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സമൂഹവും ഒരുമിച്ച് ഏറ്റെടുക്കേണ്ട ദൗത്യമാണ്.

> **സ്ത്രീകൾ തൊഴിൽ ചെയ്യുന്നതും സാമ്പത്തികമായി സ്വതന്ത്രരാകുന്നതും വളരെ പ്രധാനമാണ്. എന്നാൽ സമത്വം എന്നത് സ്ത്രീക്ക് ജോലി ചെയ്യാനുള്ള അവസരം ലഭിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. വീട്ടിലെ ഉത്തരവാദിത്വങ്ങൾ പങ്കിടുന്നതിലും പരസ്പരം ബഹുമാനിക്കുന്നതിലും അതുണ്ടാകണം.**

### *സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ പങ്കിടുന്നതിനെക്കുറിച്ചും താങ്കൾക്ക് പ്രത്യേക കാഴ്ചപ്പാടുണ്ടല്ലോ. പുതുതലമുറയിലെ കുടുംബങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ആവശ്യം?*

സ്ത്രീകൾ തൊഴിൽ ചെയ്യുന്നതും സാമ്പത്തികമായി സ്വതന്ത്രരാകുന്നതും വളരെ പ്രധാനമാണ്. എന്നാൽ സമത്വം എന്നത് സ്ത്രീക്ക് ജോലി ചെയ്യാനുള്ള അവസരം ലഭിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. വീട്ടിലെ ഉത്തരവാദിത്വങ്ങൾ പങ്കിടുന്നതിലും പരസ്പരം ബഹുമാനിക്കുന്നതിലും അതുണ്ടാകണം.

പല കുടുംബങ്ങളിലും സ്ത്രീകൾ ജോലിക്കുപോകുകയും വീട്ടിലെത്തിയശേഷം പാചകം, കുട്ടികളുടെ പരിചരണം, മറ്റു വീട്ടുജോലികൾ എന്നിവയുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുക്കുകയും ചെയ്യുന്നു. പുരുഷന്മാർ വീട്ടുജോലികളിൽ പങ്കാളികളാകാത്ത സാഹചര്യങ്ങളും കാണാം. എല്ലാ കുടുംബങ്ങളെയും ഒരുപോലെ വിലയിരുത്താനാവില്ലെങ്കിലും, ഇത്തരമൊരു അസമത്വം കുട്ടികളുടെ മനസ്സിലും സ്വാധീനം ചെലുത്തും.

കുട്ടികൾക്ക് മാതാപിതാക്കൾ ഉപദേശം നൽകുന്നതിലുപരി മാതൃകയാകണം. ഭക്ഷണം കഴിച്ചശേഷം സ്വന്തം പാത്രം മാറ്റിവയ്ക്കുന്നതുപോലുള്ള ചെറിയ കാര്യങ്ങളിൽ നിന്നുതന്നെ ഉത്തരവാദിത്വം പഠിപ്പിക്കാം. പാചകം ചെയ്യുന്നതും വീട്ടുജോലികൾ ചെയ്യുന്നതും പുരുഷന്റെ അന്തസ്സിന് കുറവല്ലെന്ന് ആൺകുട്ടി

കൾ മനസ്സിലാക്കണം. അതുപോലെ പെൺകുട്ടികൾക്കും സ്വന്തം തീരുമാനങ്ങളെടുക്കാനും സാമ്പത്തികമായി സ്വതന്ത്രരാകാനും അവസരം ലഭിക്കണം.

A successful marriage depends on give and take! Women need to respect their spouses ties to their family, be understanding of their job pressures, be considerate of their need to spend time with friends and engage in healthy activities that matter to them!

> **പലപ്പോഴും വർഷങ്ങളോളം പീഡനം സഹിച്ചശേഷമാണ് ഒരാൾ സഹായം തേടാൻ തയ്യാറാകുന്നത്. അതിനാൽ അവരുടെ അനുഭവങ്ങൾ കേൾക്കുമ്പോൾ ക്ഷമയും കരുതലും കാണിക്കണം. എന്തുകൊണ്ട് നേരത്തേ പുറത്തുപറഞ്ഞില്ലെന്നോ എന്തുകൊണ്ട് ആ ബന്ധത്തിൽ തുടർന്നെന്നോ ചോദിച്ച് അവരെ കുറ്റപ്പെടുത്തരുത്.**

മാതാപിതാക്കൾ കുട്ടികളുമായി പല വിഷയങ്ങളും തുറന്നുപറയണം. അവരുടെ പ്രായത്തിനും സാഹചര്യത്തിനും അനുയോജ്യമായി ശരീരത്തെക്കുറിച്ചും ബന്ധങ്ങളെക്കുറിച്ചും വൈകാരികമായ മാറ്റങ്ങളെക്കുറിച്ചും സംസാരിക്കണം. കുട്ടികൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ കഴിയാത്ത കുടുംബങ്ങളിൽ അവർക്ക് ആവശ്യമായ അറിവ് മറ്റിടങ്ങളിൽനിന്ന്, പലപ്പോഴും തെറ്റായ ഉറവിടങ്ങളിൽനിന്ന്, തേടേണ്ടിവരും.

### *ഗാർഹിക പീഡനത്തിനെതിരായ പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിൽനിന്ന് എത്രത്തോളം പിന്തുണ ലഭിക്കുന്നുണ്ട്?*

ധനസമാഹരണമാണ് ഞങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്. വിശക്കുന്നവർക്ക് ഭക്ഷണം നൽകാനോ ദരിദ്രരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സഹായം തേടാനോ പോയാൽ പലരും സന്തോഷത്തോടെ മുന്നോട്ടുവരും. എന്നാൽ ഗാർഹിക പീഡനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ആളുകൾക്ക് അസ്വസ്ഥത തോന്നാറുണ്ട്. പരിപാടികളിൽ പങ്കെടുക്കാനും സംഭാവന നൽകാനും ചിലർ മടിക്കും.

ഇത് പലപ്പോഴും സമൂഹത്തിന്റെ അഭിമാനവുമായി ബന്ധപ്പെട്ട ആശങ്കകളിൽനിന്നാണ് വരുന്നത്. സ്വന്തം സമുദായത്തിൽ ഇത്തരം പ്രശ്നങ്ങളുണ്ടെന്ന് പുറത്തറിയരുതെന്നാണ് ചിലർ കരുതുന്നത്. എന്നാൽ അതിജീവിതകളുടെ അനുഭവങ്ങൾ മറച്ചുവെച്ചാൽ പ്രശ്നം ഇല്ലാതാകില്ല.

വിവിധ രാജ്യങ്ങളിൽനിന്നുള്ള അതിജീവിതകൾ സ്വന്തം അനുഭവങ്ങൾ പങ്കുവെച്ച പരിപാടികളിൽ, ചിലർ ആ അനുഭവങ്ങളെ സ്വന്തം സമൂഹത്തിനെതിരായ വിമർശനമായി കണ്ട സംഭവങ്ങളുമുണ്ട്. ഒരു വ്യക്തിയുടെ അനുഭവത്തെ മുഴുവൻ സമൂഹത്തിന്റെ പ്രതിനിധാനമായി കാണുന്നത് ശരിയല്ല. അതേസമയം, ഒരു സമൂഹത്തിൽ പ്രശ്നമുണ്ടെങ്കിൽ അത് തുറന്നുപറയുകയും പരിഹാരത്തിനായി പ്രവർത്തിക്കുകയും വേണം.

സംഘടനയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ പണം മാത്രമല്ല, സമയം ചെലവഴിക്കാൻ തയ്യാറുള്ള ആളുകളും ആവശ്യമാണ്. അതിനാൽ കൂടുതൽ സന്നദ്ധപ്രവർത്തകരെയും യുവാക്കളെയും സംഘടനയിലേക്ക് ആകർഷിക്കേണ്ടതുണ്ട്.

### *അടുത്ത അഞ്ചുവർഷത്തേക്കുള്ള DHFന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?*

സംഘടനയുടെ പ്രവർത്തനങ്ങൾ സുസ്ഥിരമായി മുന്നോട്ടുകൊണ്ടുപോകുകയും അടുത്ത തലമുറയുടെ നേതൃത്വത്തിലേക്ക് ഉത്തരവാദിത്വം കൈമാറുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇപ്പോൾ ഞങ്ങൾക്ക് ഒരു ഓഫിസും ജീവനക്കാരും ബോർഡും പ്രവർത്തനസമിതിയുമുണ്ട്. എന്നാൽ ദീർഘകാലമായി സംഘടനയ്ക്കുവേണ്ടി പ്രവർത്തിച്ചുവരുന്നവരിൽ പലരും പ്രായമായിക്കൊണ്ടിരിക്കുകയാണ്.

ഒരു സംഘടനയുടെ ഭാവി അതിന്റെ സ്ഥാപകരുടെ പ്രവർത്തനത്തിൽ മാത്രം ആശ്രയിച്ചിരിക്കരുത്. പുതിയ തലമുറയിലെ ആളുകൾ സംഘടനയുടെ ലക്ഷ്യങ്ങളെ മനസ്സിലാക്കുകയും അതിനായി സമയം ചെലവഴിക്കുകയും നേതൃത്വം ഏറ്റെടുക്കുകയും വേണം.

ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള സംഘടന പോലും പുതിയ നേതൃത്വം അതേ പ്രതിബദ്ധതയോടെ മുന്നോട്ടുവരാത്തതുകൊണ്ട് അടച്ചുപൂട്ടേണ്ടിവന്ന ഉദാഹരണം അറിയാം. അതുകൊണ്ട് സംഘടനയുടെ തുടർച്ച ഉറപ്പാക്കുക എന്നത് ഒരു ഭരണപരമായ ആവശ്യം മാത്രമല്ല; ഞങ്ങളെ ആശ്രയിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഭാവിയുമായി ബന്ധപ്പെട്ട കാര്യമാണ്.

ലോങ് ഐലൻഡിൽ സർക്കാർ സഹായങ്ങളും മറ്റ് വിഭവങ്ങളും ലഭിക്കുന്നതിൽ പരിമിതികളുണ്ട്. അതിനാൽ സമൂഹത്തിന്റെ പിന്തുണ വളരെ പ്രധാനമാണ്. കൂടുതൽ ആളുകളിലേക്ക് ഞങ്ങളുടെ പ്രവർത്തനങ്ങൾ എത്തിക്കുകയും പുതിയ സന്നദ്ധപ്രവർത്തകരെയും ദാതാക്കളെയും പങ്കാളികളെയും കണ്ടെത്തുകയും വേണം.

രണ്ടാം തലമുറയിലെ ഇന്ത്യൻ-അമേരിക്കൻ യുവാക്കൾ വിദ്യാഭ്യാസത്തിലും തൊഴിൽരംഗത്തും വലിയ നേട്ടങ്ങൾ കൈവരിച്ചവരാണ്. അവർക്ക് കഴിവും വിഭവങ്ങളും ഉണ്ട്. സാമൂഹിക സംഘടനകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനുള്ള താൽപര്യവും വളർത്തിയെടുക്കാൻ കഴിഞ്ഞാൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാനാകും.

### *ഗാർഹിക പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്കും സാമൂഹിക സേവനരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന*

***യുവതലമുറയ്ക്കും താങ്കൾക്ക് നൽകാനുള്ള സന്ദേശം എന്താണ്?***

Although the percentage is much smaller, men also suffer Domestic Violence. We are also starting to see Elder Abuse in the South Asian immigrant communities.

Most of the time it takes years of abuse for a person to seek help!

ഗാർഹിക പീഡനം അനുഭവിക്കുന്ന ഒരാളോട് ആദ്യം പറയാനുള്ളത്, നിങ്ങൾ ഒറ്റയ്ക്കല്ല എന്നതാണ്. സഹായം തേടുന്നത് കുടുംബത്തെ തകർക്കാനുള്ള ശ്രമമല്ല. സ്വന്തം സുരക്ഷയും മാന്യതയും സംരക്ഷിക്കാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ട്.

സുരക്ഷയെക്കുറിച്ച് ആശങ്കയുണ്ടെങ്കിൽ വിശ്വസിക്കാവുന്ന ഒരാളെയോ അനുയോജ്യമായ സഹായസംഘടനയെയോ സമീപിക്കണം. ഓരോരുത്തരുടെയും സാഹചര്യം വ്യത്യസ്തമായതിനാൽ എന്ത് ചെയ്യണമെന്ന കാര്യത്തിൽവ്യക്തിഗതമായപിന്തുണയും സുരക്ഷിതമായ ആസൂത്രണവും ആവശ്യമാണ്.

സമൂഹത്തോടും എനിക്ക് ഒരു അഭ്യർഥനയുണ്ട്. ഗാർഹിക പീഡനം എന്ന വിഷയം അസ്വസ്ഥതയുണ്ടാക്കുന്നു എന്ന കാരണത്താൽ അതിൽ നിന്ന് ഒഴിഞ്ഞുമാറരുത, പ്രശ്നം കേൾക്കാനും അവരെ കുറ്റപ്പെടുത്താതെ പിന്തുണയ്ക്കാനും തയ്യാറാകണം. 'കുടുംബത്തിന്റെ അഭിമാനം' എന്ന പേരിൽ അവരുടെ വേദനയെ നിശ്ശബ്ദമാക്കരുത്.

യുവതലമുറയോട് പറയാനുള്ളത്, സാമൂഹിക സേവനം വലിയ പദവികൾ വഹിക്കുന്നവർക്കോ സാമ്പത്തികം ഉള്ളവർക്കോ മാത്രമായുള്ളതല്ല എന്നാണ്. നിങ്ങളുടെ സമയം, അറിവ്, കഴിവ്, ബന്ധങ്ങൾ എന്നിവ മറ്റൊരാളുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ ഉപയോഗിക്കാം. ഒരു സംഘടനയിൽ സന്നദ്ധപ്രവർത്തകനാകുന്നതും ബോധവത്കരണ പരിപാടിയിൽ പങ്കെടുക്കുന്നതും മറ്റൊരാളുടെ അനുഭവം വിധിയെഴുതാതെ കേൾക്കുന്നതും പ്രധാനമാണ്.

ഞങ്ങളുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം പീഡനത്തെ അതിജീവിക്കുന്നവരെ സഹായിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ഭാവിയിൽ ഇത്തരം അനുഭവങ്ങൾ കുറയുന്ന ഒരു സമൂഹം സൃഷ്ടിക്കുകയാണ് ഞങ്ങളുടെ ആഗ്രഹം. അതിന് കുടുംബങ്ങളിലും വിദ്യാലയങ്ങളിലും മതസ്ഥാപനങ്ങളിലും സാമൂഹിക സംഘടനകളിലും മാറ്റം വേണം. ആ മാറ്റം ഓരോരുത്തരുടെയും സമീപനത്തിൽനിന്ന് ആരംഭിക്കേണ്ടതാണ്

**സുരക്ഷയെക്കുറിച്ച് ആശങ്കയുണ്ടെങ്കിൽ വിശ്വസിക്കാവുന്ന ഒരാളെയോ അനുയോജ്യമായ സഹായസംഘടനയെയോ സമീപിക്കണം. ഓരോരുത്തരുടെയും സാഹചര്യം വ്യത്യസ്തമായതിനാൽ എന്ത് ചെയ്യണമെന്ന കാര്യത്തിൽ വ്യക്തിഗതമായ പിന്തുണയും സുരക്ഷിതമായ ആസൂത്രണവും ആവശ്യമാണ്.**



NRS PAY

# TAP, DIP, SWIPE OR KEY!






## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് അനുസ്മരണവും എംസിഎ ദിനാഘോഷവും ഫിലഡൽഫിയയിൽ



ഫിലഡൽഫിയ: മലങ്കര കത്തോലിക്കാ സഭയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പായിരുന്ന അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ 32-ആം ഓർമ്മപ്പെരുന്നാളും എംസിഎ ദിനാഘോഷവും ഒക്ടോബർ 11-ന് സെന്റ് ജൂഡ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സംയുക്തമായി ആചരിച്ചു.

വിശുദ്ധ കുർബാനയ്ക്ക് മലങ്കര കത്തോലിക്കാ സഭയുടെ അമേരിക്കകാനഡ രൂപത അധ്യക്ഷൻ അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫനോസ് മെത്രാപ്പോലീത്ത മുഖ്യ കാർമികത്വം വഹിച്ചു. സെന്റ് ജൂഡ് ഇടവക വികാരി ഫാ. ബാബു മഠത്തിപ്പറമ്പിലും ഫാ. ജോണും സഹകാർമികരായി. എംസിഎ ദിനത്തോടനുബന്ധിച്ച് അൽമായർ വിശുദ്ധ കുർബാനയ്ക്ക് ശുശ്രൂഷകരായി സേവനമനുഷ്ഠിച്ചു. തുടർന്ന് ധൂപപ്രാർത്ഥനയും അനുസ്മരണ സമ്മേളനവും നടന്നു. ധൂപപ്രാർത്ഥനയ്ക്കു മുന്നോടിയായി നടത്തിയ അനുസ്മരണ സന്ദേശത്തിൽ മാർ സ്തേഫനോസ്, കാലത്തിനു മുമ്പേ നടന്ന പ്രവാചകനായിരുന്നു ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയെന്ന് അഭിപ്രായപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിൽ തുടക്കം മുതൽ അവസാനം വരെ സജീവമായി പങ്കെടുത്ത അദ്ദേഹം കൗൺസിലിന്റെ സന്ദേശങ്ങളും ദർശനങ്ങളും ഭാരതസഭയിൽ പ്രചരിപ്പിക്കുന്നതിൽ നേതൃത്വം നൽകി. ''സ്നേഹം മമ ദീപം'' എന്ന ആപ്തവാക്യം ജീവിതാദർശമാക്കി ജാതിമത വർഗവർണ ഭേദമന്യേ എല്ലാവരുടെയും




നന്മയ്ക്കായി പ്രവർത്തിച്ച മനുഷ്യ സ്നേഹിയായിരുന്നു മാർ ഗ്രിഗോറിയോസ് തിരുമേനി എന്നും അദ്ദേഹം അനുസ്മരിച്ചു.

എംസിഎ പ്രസിഡന്റ് ഫിലിപ്പ് ജോൺ (ബിജു) ആമുഖപ്രസംഗം നടത്തി. അസാമാന്യമായ സാമൂഹിക പ്രതിബദ്ധതയിലൂടെയും സജീവമായ ഇടപെടലുകളിലൂടെയും മലങ്കര കത്തോലിക്കാ സഭയ്ക്ക് പൊതുസമൂഹത്തിൽ ഏറ്റവും ആദരണീയമായ സ്ഥാനം ഉറപ്പിക്കുന്നതിൽ മാർ ഗ്രിഗോറിയോസ് തിരുമേനി നിർണായക പങ്ക് വഹിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. എംസിസിഎല്ലിനെ പ്രതിനിധീകരിച്ച് ഡയാന തോമസും എംസിയെ പ്രതിനിധീകരിച്ച് നിർമല ശങ്കരത്തിലും അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനെ അനുസ്മരിച്ചു. ലിറ്റർജിക്കൽ വർഷാഘോഷത്തോടനുബന്ധിച്ച് എംസിഎ സംഘടിപ്പിച്ച ലിറ്റർജിക്കൽ ക്വിസ് മത്സരത്തിലെ വിജയികൾക്ക് അഭിവന്ദ്യ മാർ സ്തേഫനോസ് തിരുമേനി സമ്മാനങ്ങൾ വിതരണം ചെയ്തു. ഒന്നാം സമ്മാനം ബീന സാബുവും, രണ്ടാം സമ്മാനം അലക്സ് ജോണും, മൂന്നാം സമ്മാനം കൊച്ചുമോൾ സക്കറിയായും ഏറ്റുവാങ്ങി. എംസിഎ സെക്രട്ടറി ജോളി ജേക്കബ് നന്ദി രേഖപ്പെടുത്തി. എംസിഎ ട്രഷറർ വിജി ജോജിയും പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു. തുടർന്ന് നേർച്ചഭക്ഷണം വിതരണം ചെയ്തു. നിരവധി വിശ്വാസികൾ വിശുദ്ധ കുർബാനയിലും അനുസ്മരണ സമ്മേളനത്തിലും പങ്കെടുത്തു.




LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# ഇന്ത്യ പ്രസ് ക്ലബ് മാധ്യമശ്രീ, മാധ്യമരത്ന പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു;

## അവസാന തീയതി നവംബർ 30

അനിൽ ആറന്മുള

ന്യുയോർക്ക്: വാർത്തകൾക്കപ്പുറം സമൂഹത്തിന്റെ ചിന്തകളെയും കാലത്തിന്റെ മാറ്റങ്ങളെയും അടയാളപ്പെടുത്തുന്ന മാധ്യമപ്രവർത്തന മികവിന് ആദരമൊരുക്കി ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക. കേരളത്തിലെ ശ്രദ്ധേയ മാധ്യമ പുരസ്കാരരാവായി വിശേഷിപ്പിക്കപ്പെടുന്ന മാധ്യമശ്രീ, മാധ്യമരത്ന പുരസ്കാര വിതരണചടങ്ങിൽ മാധ്യമരംഗത്തെ പ്രതിഭകളെ ആദരിക്കുമെന്ന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡന്റ് രാജു പള്ളത്ത് അറിയിച്ചു.

മാധ്യമശ്രീ ജേതാവിന് ഒരു ലക്ഷം രൂപയും പ്രശംസാഫലകവും മാധ്യമരത്ന ജേതാവിന് 50,000 രൂപയും പ്രശംസാഫലകവുമാണ് സമ്മാനിക്കുക. പുരസ്കാരങ്ങൾക്കായി നവംബർ 30 വരെ നാമനിർദേശം സമർപ്പിക്കാം.

മാധ്യമപ്രവർത്തനത്തിലെ സമഗ്ര സംഭാവനയ്ക്കു പുറമെ, അച്ചടി, ഓൺലൈൻ മാധ്യമങ്ങളിലെ മികച്ച വാർത്താ കവറേജ്, ഫീച്ചറുകൾ, ന്യൂസ് ഫോട്ടോ എന്നിങ്ങനെ പുരസ്കാരങ്ങൾ സമ്മാനിക്കും.

ടെലിവിഷൻ വിഭാഗത്തിൽ വാർത്താ അവതാരകൻ/അവതാരക, അന്വേഷണാത്മക വാർത്ത എന്നിവയും പുരസ്കാരത്തിനായി പരിഗണിക്കും.

ഓൺലൈൻ മാധ്യമങ്ങളിലെ ലേഔട്ടിനും അവതരണത്തിനും യുവ മാധ്യമപ്രവർത്തകനും പ്രത്യേക അംഗീകാരം നൽകും.

അച്ചടി, ദൃശ്യ മാധ്യമരംഗങ്ങളിൽ മികവ് തെളിയിച്ച

വരുടെ പ്രവർത്തനമികവിനൊപ്പം മാധ്യമരംഗത്തിന് നൽകിയ സംഭാവനകളും പരിഗണിച്ചാണ് മാധ്യമശ്രീ, മാധ്യമരത്ന പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.

പ്രശസ്ത മാധ്യമപ്രവർത്തകരും വിദഗ്ധരും അടങ്ങുന്ന ജൂറിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്. മലയാള മനോരമ എഡിറ്റോറിയൽ മുൻ ഡയരക്ടർ തോമസ് ജേക്കബ്, പ്രശസ്ത കാൻസർ രോഗ വിദഗ്ധനും എഴുത്തുകാരനുമായ ഡോ. എം.വി. പിള്ള, മുതിർന്ന മാധ്യമപ്രവർത്തകനും കോളമിസ്റ്റുമായ ജോസ് പനച്ചിപ്പുറം എന്നിവരാണ് ജൂറി അംഗങ്ങൾ

2027 ജനുവരി എട്ടിന് വൈകിട്ട് അഞ്ചിന് കൊച്ചിയിലെ ഗോകുലം പാർക്ക് ഹോട്ടൽ കൺവൻഷൻ സെന്ററിലാണ് പുരസ്കാരദാനം. മാധ്യമ, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

മാധ്യമപ്രവർത്തകർക്ക് സ്വന്തമായോ മറ്റുള്ളവർ മുഖേനയോ നാമനിർദേശങ്ങൾ സമർപ്പിക്കാം. ഇതിനായി www.indiapressclub.org/nominationഎന്ന വെബ്സൈറ്റിലെ ഓൺലൈൻ ഫോം പൂരിപ്പിക്കണം. അനുബന്ധ പത്രവാർത്തകൾ, ചിത്രങ്ങൾ, വിഡിയോകൾ എന്നിവയും ഓൺലൈനായി അപ്‌ലോഡ് ചെയ്യാം. നവംബർ 30-നകം ലഭിക്കുന്ന നാമനിർദേശങ്ങൾ മാത്രമേ പരിഗണിക്കൂ.

കൂടുതൽ വിവരങ്ങൾക്ക് :

രാജു പള്ളത്ത് (732) 429 9529, അനിൽ ആറന്മുള (713) 8827272,

ജയൻ ജോസഫ് (215) 744 7242

വിശദവിവരങ്ങൾക്ക് ‘ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ഔദ്യോഗിക വെബ്സൈറ്റ്‘ (https://www.indiapress-club.org/) സന്ദർശിക്കാം.




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# ഫൊക്കാന കേരള കൺവെൻഷന് അഭിമാന നിമിഷം

# എം.എ. യൂസഫലി പങ്കെടുക്കും



**ജിജി റ്റോം**

**ഫൊക്കാന പി. ആർ. ഓ**

2027 ജനുവരി 11 മുതൽ 13 വരെ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ വെച്ച് നടക്കുന്ന ഫൊക്കാനയുടെ കേരള കൺവെൻഷനിൽ ലുലു ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ വ്യവസായ പ്രമുഖൻ എം.എ. യൂസഫലി പങ്കെടുക്കും. ഫൊക്കാനയുടെ ക്ഷണം സ്വീകരിച്ചതായി അദ്ദേഹം ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിനെ അറിയിച്ചു.

ആഗോള മലയാളികളുടെ അഭിമാനമായ എം.എ. യൂസഫലിയുടെ ഫൊക്കാന കേരള കൺവെൻഷനിലെ സാന്നിദ്ധ്യം, ബിസിനസ് കോൺക്ലേവിൽ പങ്കെടുക്കുന്നവർക്ക് മുതല്കൂട്ടാവുമെന്നു, പ്രസിഡണ്ട് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, കൺവെൻഷൻ ചെയർമാൻ ജോർജി വര്ഗീസ്, കോർഡിനേറ്റർ പോൾ കറുകപ്പിള്ളിൽ എന്നിവർ പറഞ്ഞു.

പതിനൊന്നാം തീയതി 5:30നു മുഖ്യമന്ത്രി ബഹു. വി. ഡി. സതീശൻ ഉൽഘാടനം ചെയ്യുന്ന സമ്മേളനത്തിലും, പന്ത്രണ്ടാം തീയതി 11 മണിക്ക് നടക്കുന്ന ബിസിനസ് കോൺക്ലേവിലും യൂസഫലി പങ്കെടുക്കും.

ഉൽഘാടന സമ്മേളനത്തിൽ വെച്ച് യൂസഫലിയുടെ സാമൂഹീക രംഗത്തെ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് ഫൊക്കാനയുടെ ആദരം മുഖ്യമന്ത്രി വി. ഡി. സതീശൻ സമർപ്പിക്കും.




26000 ത്തിനടുത്ത് ഇന്ത്യാക്കാരടക്കം 31,000-ത്തോളം പേർ ജോലി ചെയ്യുന്ന ഗൾഫിലെ പ്രമുഖ വ്യാപാര സ്ഥാപനമായ എം.കെ. ഗ്രൂപ്പിന്റെയും ലുലു ഹൈപ്പർ മാർക്കറ്റ് ഗ്രൂപ്പിന്റെയും മാനേജിങ് ഡയറക്ടറാണ് യൂസഫലി. കൊച്ചി ലേക്ക്ഷോർ ആശുപത്രി ചെയർമാൻ കൂടിയാണ്. സാമൂഹ്യരംഗത്തെ സംഭാവനകൾ കണക്കിലെടുത്ത് 2008 ൽ രാജ്യം ഇദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. കൊച്ചിയിൽ സ്മാർട്ട് സിറ്റി പദ്ധതി കൊണ്ടുവരുന്നതിലും പ്രമുഖ പങ്കുവഹിച്ചു.

ഇന്ന് നൂറിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ലുലു ഗ്രൂപ്പ്, റീട്ടെയിൽ മേഖല കൂടാതെ തന്നെ ഹോൾസെയിൽ കയറ്റുമതി & ഇറക്കുമതി, ഷിപ്പിംഗ്, ഐ.ടി, ഹോട്ടൽ, ട്രാവൽ & ടൂറിസം, ബാങ്കിംഗ് തുടങ്ങി നിരവധി മേഖലകളിൽ ബിസിനസ് നടത്തിപ്പോരുന്നു.

മൂല്യങ്ങളാണ് എന്നും ബിസിനസ് വിജയത്തിന്റെ അടിത്തറ എന്ന് വിശ്വസിച്ചു പോരുന്ന ലോക രാജ്യങ്ങളിലെ വ്യവസായ പ്രമുഖൻ എന്ന പേരിലും അറിയപ്പെടുന്ന യൂസഫലിക്ക് 2005-ൽ പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരവും 2008-ൽ പത്മശ്രീ പുരസ്കാരവും ലഭിച്ചു. ലോകത്തിലെ ശതകോടിശ്വരന്മാരിൽ ഒരാളായ യൂസഫലി ഫോബ്സിന്റെ ലോക സമ്പന്നരുടെ പട്ടികയിലും ഇടം നേടി.

പ്രധാനമന്ത്രിയുടെ അന്തർദേശീയ ഉപദേശക സമിതി അംഗം, ഇന്ത്യൻ വികസന സമിതി രക്ഷാധികാരി, അബുദാബി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഡയറക്ടർ ബോർഡ് അംഗം, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഡയറക്ടർ, നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗം, എയർ ഇന്ത്യയുടെ സ്വതന്ത്ര ചുമതലയുള്ള ഡയറക്ടർ, വിദേശ ഇന്ത്യക്കാർക്കായുള്ള ഇന്ത്യ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ അംഗം തുടങ്ങി നിരവധി ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്നു.

ഫൊക്കാന കേരള കൺവെൻഷൻ വൻ വിജയകരമാക്കുവാനായി, ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി കരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി ഡോ. അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മറിയാ ജോസഫ്, വുമൺസ് ഫോറം ചെയർ ഡോ. ഷൈനി രാജു, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ സജിമോൻ ആന്റണി എന്നിവരോടൊപ്പം, കൺവെൻഷൻ ചെയർമാൻ ജോർജി വർഗീസ്, കോർഡിനേറ്റർ പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകൂറ്റ്, ഷീല ജോസഫ് ഉൾപ്പെടെ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗങ്ങളും, വിവിധ സബ് കമ്മിറ്റി അംഗങ്ങളും കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# വേൾഡ് മലയാളി കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസ് നിലവിൽ വന്നു

ഷാർലെറ്റ്: വേൽഡ് മലയാളീ കൗൺസിൽ ഷാർലെറ്റ് പ്രൊവിൻസ് (നോർത്ത് കരോളിന) ന്റെ സ്ഥാപനവും കമ്മറ്റി അംഗങ്ങളുടെ പ്രതിജ്ഞയും ഒക്ടോബർ ശനിയാഴ്ച നടന്നു. പ്രസ്തുത ചടങ്ങിൽ സംഘടനയുടെ ഗ്ലോബൽ, അമേരിക്ക റീജിയൻ ലീഡേഴ്സുമാരായ തോമസ് മൊട്ടക്കൽ(ഗ്ലോബൽ ചെയർമാൻ), ഡോക്ടർ ബാബു സ്റ്റീഫൻ (ഗ്ലോബൽ പ്രസിഡന്റ്), ഷാജി മാത്യു(ഗ്ലോബൽ സെക്രട്ടറി), സണ്ണി വെളിയത്ത് (ഗ്ലോബൽ ട്രെഷറർ), ജെയിംസ് കൂടൽ (വി.പി അഡ്മിൻ), തങ്കം അരവിന്ദ് (വി.പി അഡ്മിൻ), ഷീല റെജി (ഗ്ലോബൽ വുമൺസ് ഫോറം), രേഷ്മ റെജി (യൂത്ത് ഫോറം)

ബ്ലസൺ മണ്ണിൽ (അമേരിക്ക റീജിയൻ പ്രസിഡന്റ്), സാജു തുരത്തേൽ (ഗ്ലോബൽ ഓ.സി.ഐ ചെയർമാൻ), ബിജു ഇട്ടൻ (അമേരിക്കൻ റീജിയൻ വി.പി) എന്നിവർ പ്രസംഗിച്ചു.

പുതിയ റീജിയൻ പ്രതിജ്ഞ തോമസ് മൊട്ടക്കൽ (ഗ്ലോബൽ ചെയർമാൻ) നിർവഹിച്ചു. ഷാർലെറ്റ് പ്രൊവിൻസ് ലീഡേഴ്സ് ഷാജി പീറ്റർ (ചെയർമാൻ), എൽദോ പോൾ (പ്രസിഡന്റ്), സിബി ജേക്കബ് (സെക്രട്ടറി), ഷിബി വർഗീസ് (ട്രഷറർ), ലീലാമ്മ ജോസ്മാണി (വി.പി അഡ്മിൻ), രജത് കാക്കുനാഥ് (വൈസ് ചെയർമാൻ), ജോൺ പീറ്റേഴ്സ് (വൈസ് ചെയർമാൻ) പീറ്റർ കോറാത്ത് (വൈസ് പ്രസിഡന്റ്), ഗ്രേസി ജോസ് (വൈസ് പ്രസിഡന്റ്), ബോബി ജോൺ (ജോയിന്റ് സെക്രട്ടറി), രഞ്ജിത്ത് ഗോപാലൻ (ജോയിന്റ് ട്രെഷറർ), നിഷ അലക്സ് (ചെയർമാൻ വുമൺസ് ഫോറം), നിഷ ജോസ് (പ്രസിഡന്റ് വുമൺസ് ഫോറം), പ്രിയ വർഗീസ് (സെക്രട്ടറി വുമൺസ് ഫോറം), എക്സിക്യൂട്ടീവ് മെംബേഴ്സ് ആയി ജോർജ് ജോസഫ്, ജോർജ് മാണി, ലാൽസൺ, രുഗ്മിണി ശ്രീജിത്ത്, വിനയ് വിജയൻ എന്നിവരെ തിരഞ്ഞെടുത്തു.

യൂത്ത് ഫോറം ഭാരവാഹികളായി ആഗ്നസ് ജേക്കബ്, താഷ പോൾ എന്നിവരെയും മീഡിയ കോഡിനേറ്റർ ആയി അന്നു ജോസിനെയും തിരഞ്ഞെടുത്തു. ചടങ്ങിൽ ഷാജി പീറ്റർ, എൽദോ പോൾ, സിബി ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഷിബി വർഗീസ് നന്ദി പ്രകാശനം നിർവഹിച്ചു. വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.

emalayalee.com

# ഇ-മലയാളി കഥാമത്സരം 2026

## കഥകൾ ക്ഷണിക്കുന്നു

ഇ-മലയാളി – 2026 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.



**ഒന്നാം സമ്മാനം 50,000 രൂപ**

**രണ്ടാം സമ്മാനം 25,000 രൂപ**

**മൂന്നാം സമ്മാനം 10,000 രൂപ**

കൂടാതെ ജൂറി അവാർഡുകളോ പ്രോത്സാഹന സമ്മാനങ്ങളോ പ്രത്യേക അംഗീകാരങ്ങളോ (സർട്ടിഫിക്കറ്റുകൾ മാത്രം) രചനകൾ വിലയിരുത്തുന്ന കമ്മറ്റിയുടെ ശുപാർശ പോലെ നൽകും .

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി–മത–രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് കഴിഞ്ഞ ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ ഇ മലയാളി പ്രസിദ്ധീകരിക്കും.
5. ജൂറി തിരഞ്ഞെടുക്കുന്ന ചുരുക്കപ്പട്ടിക മാത്രമായിരിക്കും പ്രസിദ്ധീകരിക്കുക. അതിൽ നിന്നുമാണ് വിജയികളെ തിരഞ്ഞെടുക്കുക .
6. രചനകൾ mag.emalayalee@gmail.com എന്ന വിലാസത്തിൽ അയക്കുക.
7. കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2026

**സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2026 ക്രിസ്തുമസ് ദിനത്തിൽ പ്രഖ്യാപിക്കും.**

**കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി ബന്ധപ്പെടാം:**

**mag.emalayalee@gmail.com**

**ഇ – മലയാളി പത്രാധിപസമിതി**

# വാൻകൂവറിൽ ജെനസിസ് ഫാമിലി കോൺഫറൻസ്

## ഒക്ടോബർ 30 മുതൽ നവംബർ 1 വരെ




ഫിന്നി രാജു, ഹ്യൂസ്റ്റൺ

വാൻകൂവർ (കാനഡ): ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജെനസിസ് ഫാമിലി കോൺഫറൻസ് ഒക്ടോബർ 30 മുതൽ നവംബർ 1 വരെ ബ്രിട്ടീഷ് കൊളംബിയയിലെ സറേ ഈസ്റ്റ്ക്ലോവർഡെയ്ൽ ഹോളിഡേ ഇന്നിൽ നടക്കും.

മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ആത്മീയ സംഗമത്തിൽ പാസ്റ്റർ ടിജി ജോർജ്, ഇവാഞ്ചലിസ്റ്റ് ചാർളി സാം ബാബു, പാസ്റ്റർ ഷിബു തോമസ് എന്നിവർ മുഖ്യപ്രഭാഷകരായിരിക്കും.

ജെനസിസ് കാനഡ മിനിസ്ട്രീസിന്റെ സ്ഥാപകനും പ്രസിഡന്റുമായ ഇവാഞ്ചലിസ്റ്റ് ചാർളി സാം ബാബുവിന്റെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ക്രിസ്തീയ കുടുംബങ്ങളുടെ ആത്മീയ ഉന്നമനം, കുടുംബബന്ധങ്ങളുടെ ദൃഢീകരണം, വിശ്വാസികളുടെ ഐക്യം എന്നിവ ലക്ഷ്യമിട്ടാണ് ജെനസിസ് കാനഡ മിനിസ്ട്രീസ് പ്രവർത്തിക്കുന്നത്. കുടുംബങ്ങളെയും സമൂഹങ്ങളെയും ആത്മീയമായി ശക്തിപ്പെടുത്തുന്നതിനൊപ്പം സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുകയെന്നതും മിനിസ്ട്രീസിന്റെ ലക്ഷ്യമാണ്.

ഡയറക്ടർമാരായ ഷെറി വർമ്മ, ജെഫിൻ തോമസ്, ലിംസൺ സീമോൻ, അനീഷ് തങ്കച്ചൻ എന്നിവർ സമ്മേളനത്തിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നൽകുന്നു. ഫിന്നി രാജു ഹ്യൂസ്റ്റൺ മീഡിയ കോഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

ആരാധന, ദൈവവചന ശുശ്രൂഷകൾ, ആത്മീയ കൂട്ടായ്മകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന സമ്മേളനം ക്രിസ്തീയ കുടുംബങ്ങളുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തുന്നതിനും പരസ്പരസ്നേഹവും ഐക്യവും വളർത്തുന്നതിനും വേദിയാകുമെന്ന് സംഘാടകർ അറിയിച്ചു.

സമ്മേളനത്തിലേക്കുള്ള രജിസ്ട്രേഷൻ അവസാനിച്ചു. മൂന്നു ദിവസത്തെ സമ്മേളനത്തിനായുള്ള അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

കൂടുതൽ വിവരങ്ങൾക്ക്: 778-321-9895.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

## പുസ്തക പരിചയം - 43

# യാനം സീതായനം

## (നോവൽ) സിനി പണിക്കർ






**പുസ്തക പരിചയം തയ്യാറാക്കിയത്**
**ബാജി ഓടംവേലി, ഡാലസ്**

അമേരിക്കൻ മലയാളി എഴുത്തുകാരി സിനി പണിക്കരുടെ 'യാനം സീതായനം' എന്ന ഈ നോവലിൽ സ്ത്രീത്വം തുളുമ്പി നിൽക്കുന്ന സീത എന്ന ആദർശനായികയാണുള്ളത്. രാമായണം, രാമന്റെ അയനമല്ല, മറിച്ച് സീതയുടെ അയനമായ സീതായനം തന്നെയാണെന്ന്, നല്ല ഒഴുക്കുള്ള ഭാഷയിലെഴുതിയ ഈ പുസ്തകത്തിന്റെ വായന നമ്മെ ബോധ്യപ്പെടുത്തും.

വാല്മീകി മഹർഷിക്കു പ്രണാമം അർപ്പിച്ച് തുടങ്ങിയ എഴുത്തിന്റെ ഓരോ ഘട്ടത്തിലും മനസ്സുകൊണ്ട് മഹർഷിയെ നമസ്കരിക്കുന്നുണ്ടായിരുന്നു. കാരണം വാല്മീകി നൽകിയ സ്നേഹമാണ് സീതയുടെ പ്രാണനും കരുത്തും.

ഭാരതീയരുടെ ഇതിഹാസങ്ങളാണ് മഹാഭാരതവും രാമായണവും. നേരിട്ട് വായിച്ചിട്ടില്ലെങ്കിലും എല്ലാ ഭാരതീയർക്കും ഇതിലെ കഥകളും കഥാപാത്രങ്ങളും സുപരിചിതമാണ്. ഇതിനെ അധികരിച്ച് അനേകം സാഹിത്യ സൃഷ്ടികൾ തുടർന്നും ഉണ്ടായിട്ടുണ്ട്. മലയാളത്തിലെ രണ്ട് പ്രമുഖ

നോവലുകളായ എം. ടി. വാസുദേവൻനായരുടെ 'രണ്ടാമൂഴം', പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' എന്നീ കൃതികൾ മഹാഭാരതത്തെ ഉപജീവിച്ചുള്ള നോവലുകളാണ്. അതിൽ നിന്നും വിഭിന്നമായി സിനി പണിക്കർ രാമായണത്തെ അധികരിച്ചുകൊണ്ടാണ് ഈ ഇതിഹാസ നോവൽ രചിച്ചിരിക്കുന്നത്.

രാമായണം രാമന്റെ കഥയാണ്. മാതൃക എന്ന് ലോകത്തിന് ചൂണ്ടിക്കാണിക്കാൻ പറ്റുന്ന സർവ്വഗുണ സമ്പന്നനായ ഒരു നായകനെ അവതരിപ്പിക്കാനാണ് വാല്മീകി 'രാമായണകാവ്യം' രചിച്ചത്. എങ്കിലും മാനുഷികമായ പല ന്യൂനതകളുമായി വാല്മീകി അവതരിപ്പിച്ച രാമൻ, പിന്നീട് മര്യാദാപുരുഷനായും, തുടർന്ന് രാഷ്ട്രീയവല്ക്കരിക്കപ്പെട്ട് ഒരു പ്രത്യേക സമൂഹത്തിന്റെ മുദ്രാവാക്യമായും മാറിയ കാലത്താണ് രാമായണത്തിന്റെ ഒരു പുനർവായന സാദ്ധ്യമാക്കിക്കൊണ്ട് സിനി പണിക്കരുടെ 'യാനം സീതായനം' എന്ന പുസ്തകം വായനക്കാരുടെ കൈകളിലെത്തിയത്.

ഈ നോവൽ 'എന്നിലെ ഞാൻ', 'ഓ... അയോദ്ധ്യാ!', 'അപഹരിക്കപ്പെട്ടവൾ', 'വാല്മീകത്തിൽ നിന്നും' എന്നീ നാലു കാണ്ഡങ്ങളിലായി മുപ്പത്തിയെട്ട് അദ്ധ്യായങ്ങളായി വ്യാപിച്ചു കിടക്കുന്നു. ഈ നോവലിന്റെ രൂപഘടന തികച്ചു ലീനിയർ അല്ല. ഒരു പ്രത്യേക സന്ദർഭത്തിൽ കഥ തുടങ്ങുകയും പിന്നെ എങ്ങനെ ആ സംഭവം എങ്ങനെ ഉണ്ടായി എന്ന് ചാക്രികമായ ഒരു സംവിധാനത്തിലൂടെ വിവരിക്കുന്ന രീതിയാണ് എഴുത്തുകാരി സ്വീകരിച്ചിരിക്കുന്നത്.

പ്രധാനമായും സീതയുടെ മനോവ്യാപാരങ്ങളാണ് നോവലിന്റെ പ്രമേയം. ഒരു സർഗ്ഗാത്മക സാഹിത്യം എന്നത് ആന്തരിക ജീവിതത്തിന്റെ ആവിഷ്കാരം തന്നെയാണ്. നോവൽ സംഭവങ്ങളുടെ വിവരണമാണെങ്കിലും ആ സംഭവങ്ങൾ മനുഷ്യ മനസ്സിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങളാണ് പ്രധാനം. ഈ നോവൽ മുഖ്യമായും ആന്തരിക ജീവിതത്തിന്റെ ചിത്രീകരണമാണ്, ആ അർത്ഥത്തിൽ വിശിഷ്ട നോവൽ സാഹിത്യത്തോട് നീതി പുലർത്തിയിരിക്കുന്നതായി അവതാരികയിൽ പ്രൊഫ. എം. കെ. സാനു സാക്ഷ്യപ്പെടുത്തുന്നു.




സീതയെ കേന്ദ്ര കഥാപാത്രമാക്കി എഴുത്തുകാരിയുടെ ആദ്യ നോവൽ ഇംഗ്ളീഷിൽ 'Sita: Now You Know Me' എന്ന പേരിൽ ഡൽഹിയിൽ നിന്നും രൂപ പബ്ളിക്കേഷൻസ് 2021 ൽ പ്രസിദ്ധീകരിച്ചു. ഇത് യോഗ ഇഷ്ടപ്പെടുന്ന ഇന്ത്യൻ ഭക്ഷണം ആസ്വദിക്കുന്ന അമേരിക്കൻ കൂട്ടുകാരികളെ മനസ്സിൽ കണ്ട് അവർക്ക് അമേരിക്കൻ ഗ്രീക്ക് മിത്തോളജിയുടെ കൂടെ ഭാരതീയം കൂടി പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തിൽ എഴുതിയതാണെങ്കിലും ആ പുസ്തകം ഇന്ത്യൻ വായനക്കാരും താത്പര്യപൂർവ്വം സ്വീകരിച്ചപ്പോഴാണ് സീതയെ മലയാളത്തിലേക്കും എഴുതുവാനുള്ള പ്രചോദനം ഉണ്ടായത്.

എന്തുകൊണ്ട് സീത എന്ന ചോദ്യത്തിന് ഒരു ഉത്തരം മാത്രമേ ഉള്ളൂ. സീത ഞങ്ങളിൽ ജീവിക്കുന്നു എന്ന് എഴുത്തുകാരി പറയുന്നു. 'എന്നിലും എന്റെ കൂടെ ഇപ്പോൾ ഭൂമിയിലുള്ള 3.8 മില്യൺ സ്ത്രീകളിലും, എനിക്കു മുൻപേ വന്ന പെൺജന്മങ്ങളിലും ഇനിയും വരാനിരിക്കുന്നവരിലും സീതയുണ്ട്, സീതയുണ്ടാവും.' ആ സീതയെ തിരഞ്ഞു പിടിക്കുകയും വെളിച്ചത്തിലേക്ക് മാറ്റി നിർത്തുകയും ചെയ്തിരിക്കുകയാണ് ഈ നോവലിലൂടെ. ഒരു നിഴലിന്, വെളിച്ചത്തിൽ ചിരിച്ചും കരഞ്ഞും നിൽക്കാൻ ഇത്തിരി

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



Allstate®
You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business



**We Offer 6 Hours Defensive Driving Course in NY/NJ**

# അക്ഷരജ്വാലകൾ
# ജയൻ വർഗീസ് കവിതകൾക്ക് ഒരാമുഖം




**സുധീർ പണിക്ക വീട്ടിൽ**

മൂന്ന് ദശകങ്ങൾക്ക് മുമ്പ് നടനും, നാടകകൃത്തും, സംവിധായകനുമായി അറിയപ്പെടുകയും, അമേരിക്കയിലേക്ക് കുടിയേറിയപ്പോൾ ഇവിടുത്തെ മലയാള പ്രസിദ്ധീകരണങ്ങളിൽ ശക്തമായ കവിതകളും, ലേഖനങ്ങളുമെഴുതി അമേരിക്കൻ മലയാള സാഹിത്യത്തെ സമ്പന്നമാക്കുകയും ചെയ്ത ജയൻ വർഗീസ് അദ്ദേഹത്തിന്റെ നൂറ്കവിതകൾ സമാഹരിച്ച പുസ്തകമാണ് സൂര്യജന്മം.

അക്ഷരങ്ങളുടെ അരണി കടഞ്ഞ് അനുഭവങ്ങളുടെ അഗ്നിസ്പുലിംഗങ്ങൾ ഉജ്ജ്വലിപ്പിക്കുന്ന പ്രകാശ പ്രളയത്തിൽ അജ്ഞതയുടെ അന്ധകാരത്തെ ആട്ടിയോടിക്കുന്ന കവി ചിലപ്പോളെങ്കിലും ഒരു അവദൂതനായി മാറുന്നത് കാണാം. അദ്ദേഹത്തിന്റെ എഴുത്താണിയുടെ മുനയിൽ ധർമ്മാധർമ്മങ്ങൾ ചോരയൊലിപ്പിക്കുന്നു. തീവ്രമായ വികാരങ്ങളുടെ വിസ്ഫോടനം ഉൾക്കൊള്ളുന്ന കവിതകൾ വായനക്കാരന് മുന്നിൽ നേരിന്റെയും, നെറിവു കേടിന്റെയും കോടതി വിചാരണകൾ തന്നെ സൃഷ്ടിച്ചു കൊണ്ടാണ് മുന്നേറുന്നത് !

ചിലപ്പോൾ അത്തരം ന്യായാ-ന്യായ വിചാരണകൾക്ക് വിധേയമാവുന്നത് നമ്മൾ തന്നെയോ എന്ന് തോന്നുമാറ് വാക്കുകൾ നമ്മുടെ മനസ്സിൽ തറച്ചു കയറുന്നു. സത്യമോ, മിഥ്യയോ, സംസാര സാഗര സത്യമിതജ്ഞാത, മുക്തിയോ, മോക്ഷമോ, സാഫല്യമോ ? എന്ന് ചോദിക്കുന്ന കവിയുടെ മനസ്സിൽ പ്രകാശ വേഗത്തിൽ ചിന്തകൾ പറക്കുന്നു. ഓരോ വരികളിലൂടെയും

അനീതിയെയും, അസമത്വ ത്തേയും എതിർക്കുന്നതിലൂ ടെ, ഒരു നിഷേധിയോ, വിപ്ലവ കാരിയോ ആകാതെ അപ്രിയ സത്യങ്ങൾ വെളിച്ചത്തേക്ക് ചി കഞ്ഞെടുക്കുകയാണ് കവി ചെയ്യുന്നത്.

താനാരെന്ന അസ്തിത്വ ചിന്തയുടെ സഞ്ചാര പഥങ്ങ ളിൽ തന്നെ അമ്പരപ്പിക്കുക യും, നിരാശപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ സത്യ സന്ധതയോടെ ആവിഷ്ക്കരി ക്കുമ്പോൾ കവിയിലെ വിപ്ലവ കാരിയെ നമ്മൾ കാണുന്നു. തന്റെ ആദർശ ചിന്തകളും, അഭിലാഷങ്ങളും സാക്ഷാൽക്ക രിക്കപ്പെടാൻ ആവാത്ത വിധം മനുഷ്യർ തീർത്ത നീതി ബോ ധത്തിന്റെ അന്ധകാരത്തിൽ നഷ്ടപ്പെടുമ്പോൾ കവി പൊട്ടി ത്തെറിക്കുന്നുമുണ്ട് : ഒരു വേള വഴി തെറ്റിയെത്തിയോ, യെവി ടെയെൻ കരളിന്റെ കുളിരായ ഭൂമി ? എന്നിങ്ങനെ തേങ്ങുന്ന കവിക്കറിയാമായിരുന്നു: ഇവി ടെയീ ധന്യമാം സ്നേഹത്തിൻ തീരത്തി -ലൊരു ദേശമുണ്ടാ യിരുന്നു എന്ന സത്യം.

ഇല്ലാത്തത് ഉണ്ടാക്കുന്ന തിനേക്കാൾ ഉള്ളത് നഷ്ടപ്പെടാ തിരിക്കുന്നതിനുള്ള ആഹ്വാന ങ്ങൾ, കാഹളങ്ങൾ സുധീരം മുഴക്കുമ്പോളും, പ്രപഞ്ചമെ ന്ന പ്രദർശന ശാലയ്ക്ക് മുൻ പിൽ കളി കാണാൻ നിൽ ക്കുന്ന ഒരാളായിട്ടല്ലാ, മറിച്ച് താനും അവിടെ അരങ്ങിലെ ത്തിയിട്ടുള്ള ഒരു നടനാണെന്ന തിരിച്ചറിവോടെ തന്നെയാണ് കവി പ്രതികരിക്കുന്നത്.

കവിത എന്തെന്ന ചോ ദ്യത്തിന് കാളിദാസൻ പറഞ്ഞ ഉത്തരം രുധിതാനുസാരി കവി എന്നാണ്. കരച്ചിലിന് പിറകേ പോകുന്നവനാണ് കവി എന്ന് സാരം. ശ്രീ ജയൻ വർഗീസ് എന്ന കവിയിൽ ധാർമ്മിക രോഷം തിളച്ചു പൊന്തുമ്പോ ളും അദ്ദേഹം തനിക്കു ചുറ്റുമു ള്ളവരുടെ നിസ്സഹായതയുടെ കരച്ചിൽ കേൾക്കുന്നുണ്ട്. വ്യ വസ്ഥിതികളെ മാറ്റി മറിക്കാൻ ഒരു കവിക്ക് കഴിയില്ലായിരി ക്കാം. എങ്കിലും കരയുന്നവർ ക്ക് വേണ്ടി അയാൾക്ക് കവിത ചമയ്ക്കാം, വിപ്ലവത്തിന്റെ ഒരു വിത്ത് അവരുടെ മനസ്സിൽ എ റിഞ്ഞു കൊടുത്ത് കൊണ്ട് അ വരെ ബോധവൽക്കരിക്കാം, വിജ്ഞാന സാഗര തീരത്ത് നിന്നൊരു കക്കയെടുത്തു കളി ക്കുമീ മാനവൻ എന്നും, മുത്താ ണ് നീ നിന്നെ മാറിലമർത്തു വാൻ സ്വപ്നവും പേറിയിരിപ്പൂ വസുന്ധര എന്നുമൊക്കെ അ വരെ ആശ്വസിപ്പിക്കുകയുമാ വാം?

എവിടെ വേദങ്ങൾ, ഇതി ഹാസ, മുപനിഷത്ത്? എവിടെ ഖുർആൻ, സത്യ ബൈബിൾ? എന്ന് അതിന്റെ നിരർത്ഥക തയിലേക്ക് വിരൽ ചൂണ്ടുന്ന കവി പിന്നെയുള്ള വരികളിൽ : കലി കയറുന്നോരു കാളിയെൻ ഭാരത, പ്പെരുമകൾ കത്തിയ മർന്നിടുമ്പോൾ എന്ന് ആശ്വ സിക്കുന്നു. എങ്കിലും വെറു തേ ഭയന്നോടുകയല്ലാ, വരിക, സഹോദരാ, യീ യുഗ സംഗ മപ്പടിയിലൊരു നവ പരിമളം ചാർത്തു നീ ! ഒരുമിച്ചു നമ്മളു യർത്തുക തമസ്സിന്റെ വിരിമാ രിലായിരം പുലരിപ്പതാകകൾ! എന്നിങ്ങനെ ആത്മ വീര്യം പകരുകയാണ്.

അനുഭവങ്ങളെ ആവിഷ് ക്കരിക്കാൻ കവികൾക്ക് വാക്കു കൾ അപര്യാപ്തങ്ങളാവാറു ണ്ട്. പക്ഷേ കുഞ്ചൻ നമ്പ്യാർ പറഞ്ഞത് പോലെ ശ്രീ ജ യന് പാൽക്കടൽത്തിരകൾ പോലെ വാക്കുകൾ തള്ളിത്ത ള്ളി വരുന്നതായി കാണാം. കവിതയെ സുഗമവും, സുന്ദ രവുമാക്കുന്നത് വാക്കുകളുടെ ഈ സമ്മോഹന സമ്മേളനമാ ണ്. ഈ വരികൾ ശ്രദ്ധിക്കുക: എന്നും വിടരേണ്ട പൊൻ പ്രഭാതങ്ങളെ, യുമ്മകൾ നൽ കി യുണർത്തേണ്ട നാളെകൾ, ഇങ്ങിനി വന്നു ചേരേണ്ടെന്ന് നമ്മുടെ പൊങ്ങൻ ഭരണാധി കാരികൾ ചൊല്ലിയാൽ, ഇല്ലെ ന്നുറക്കെ യലറിക്കരയുവാൻ എന്നിലും, നിന്നിലും ചങ്കൂറ്റമാ വണം, ജന്മാന്തരങ്ങൾ തഴക്കു മീ ഭൂമിയെൻ ജന്മാവകാശമാ ണെന്ന് പറയണം.

വിപ്ലവത്തിന്റെയും, നിഷേ ധത്തിന്റെയും ശബ്ദങ്ങൾക്കി ടയിൽ കാൽപ്പനിക സൗന്ദര്യ ത്തിന്റെ മനോഹാരിത വഹിച്ചു നിൽക്കുന്ന കവിതകളും കാ ണാം. പടിഞ്ഞാറേ മാനത്തെ പവിഴപ്പൂമ്പാടത്ത്, പകലോനാം പുലയന്റെ കാള പൂട്ട്, ചേറി ന്റെ മണമുള്ള ചെന്താമരപ്പെ ണ്ണിൻ മാറത്ത് പ്രണയത്തിൻ കേളി കൊട്ട്. നോക്കൂ, എത്ര ഹൃദ്യമായ വരികൾ !

കവി ആവിഷ്കരിക്കുന്ന ത് അനുഭവങ്ങളുടെ ഒരു കലവ റയാണ്. അത് വായിക്കുമ്പോൾ നമ്മുടെ അനുഭവങ്ങളുടെയും, അറിവുകളുടെയും പരിധികൾ ക്ക് അപ്പുറത്തേക്ക് കൊണ്ട് പോയി നമ്മെ ചിന്തിപ്പിക്കു കയും, വിജ്ഞാനം പകർന്നു നൽകുകയും ചെയ്യുന്നു. കാല ങ്ങളേറെയായ് കാണുന്നു ധാർ മ്മിക ഛേദം കരകളിൽ, ജീവിത

വേദിയിൽ; കച്ചവടക്കണ്ണു കൊണ്ട് സകലവും വെട്ടിപ്പിടിക്കുന്നു ലോകവും, ലോകരും.

സാഹിത്യം പകർന്നു തരുന്ന ആശയങ്ങളുടെയും, നമ്മുടെ അനുഭവ ബോധ്യങ്ങളുടെയും ഒരു വിനിമയം നടക്കുമ്പോൾ സമൂഹം പുരോഗതി പ്രാപിക്കുന്നു. കവിതകളുടെ ശക്തി ഗദ്യങ്ങളെ അപേക്ഷിച്ച് അവ എളുപ്പത്തിൽ മനുഷ്യരെ സ്വാധീനിക്കുന്നു എന്നുള്ളതാണ്. ജയൻ വർഗീസ് കവിതകളിലൂടെ സഞ്ചരിക്കുമ്പോൾ നമ്മൾ കണ്ടിട്ടുള്ള, കേട്ടിട്ടുള്ള പല കാര്യങ്ങളുടെയും വ്യത്യസ്ഥമായ ഒരു തലം ദർശിക്കുവാൻ നമുക്ക് കഴിയുന്നുവെന്നതാണ് അതിന്റെ പ്രത്യേകത. സത്യമേവ ജയതേ എന്ന ഫലകവും പേറി നില കൊണ്ട ആദർശ ദീപ്തമായ ഒരു സംസ്ക്കാരത്തിന് ച്യുതി സംഭവിക്കുമ്പോൾ അത്തരം പാളിച്ചകൾക്ക് മേലെയാണ് കവി നമ്മുടെ സജീവ ശ്രദ്ധ ആകർഷിക്കുന്നതും, ആവശ്യപ്പെടുന്നതും.

ഇനിയും അധഃപതനമാണ് ഉണ്ടാകാൻ പോകുന്നതെന്ന സന്ദേശം അറിയിച്ചു കൊണ്ടാണ്, എവിടെ സനാതന ധർമ്മത്തിൻ പിച്ചക, 'ചെടി വച്ച സൈന്ധവ തീരം ? എവിടെ യഹിംസ ക്കൊടിക്കൂറകൾ പേറി യുരുളും രഥ രവ കാരം? എവിടെ ദ്വൈപായനൻ, സിദ്ധാർത്ഥൻ, കരൾ നൊന്ത് കരയുമശോകൻ, വാത്മീകി ? എവിടെ നിഷാദ ശരത്തിന്റെ മുനയൊടി, ച്ചുയരു മാ യിടിനാദ ശബ്ദം ? എന്ന് അധികാരത്തോടെ ചോദിക്കുമ്പോൾഇതിനേക്കാൾ ശക്തമായി എങ്ങിനെ ഒരു കവി പ്രതികരിക്കും ? പാടിയിട്ടും, പാടിയിട്ടും മതി വരാതെ ആവേശ ഭരിതനായി കവി വീണ്ടും ചോദിക്കുന്നു : മാനവാ, ഹേ മാനവാ, ഊരിപ്പിടിച്ച നിൻ വാളുമായ് നിൽക്കുന്നതാരെ മുറിക്കുവാൻ ? അമ്മയെ ? അമ്മിഞ്ഞ നൽകിയൊരമ്മയെ ? ഭൂമിയെ ? നിന്നെ ? നിൻ മക്കളെ ?




കവികൾ ക്രാന്ത ദർശികൾ ആയത് കൊണ്ടായിരിക്കാം, അവർ ഉത്കണ്ഠാകുലരാണ് എപ്പോഴും. എല്ലാം സമൂഹത്തോട് വിളിച്ചു പറയാൻ അവർ വെമ്പുന്നു. ആ ഒരു തിടുക്കം വരികളിൽ സ്പഷ്ടമാണ്. അത് കൊണ്ടാണ് മാധുര്യവും, സാരള്യവും തുളുമ്പുന്ന കവിതകൾക്കിടയിലും തീവ്രമായ, തീഷ്ണമായ പ്രതിഷേധങ്ങളുടെ കാഠിന്യം ഉൾക്കൊള്ളുന്ന കവിതകളും കാണുന്നത്. ശുഭാപ്തി വിശ്വാസകാരനായ കവി മാർഗ്ഗ ദർശനങ്ങൾ നൽകിക്കൊണ്ട് നേർവഴി കാണിച്ചു കൊടുക്കുന്നതിൽ വ്യാപൃതനാണ്. അത് കൊണ്ടല്ലേ കവിക്ക് ഇങ്ങനെ എഴുതാൻ കഴിയുന്നത് : സാമൂഹ്യ തമ്പുരാക്കന്മാർ തള്ളിക്കളഞ്ഞ കല്ലുകൾ മൂലക്കല്ലുകളാക്കി വച്ച്, സ്നേഹവും, സൗഹൃദവും ചാലിച്ച ചാന്തിൽ ഒട്ടിച്ചു വച്ച്, നമുക്ക് പണിയാം നമ്മുടെ നഗരം (അഥവാ ജീവിതം) എന്ന് ! ശുഭം.


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Search...
Just Click
eMalayalee.com/Advertise



# ശരത്ക്കാല സുന്ദരഗീതങ്ങൾ



**സരോജ വർഗ്ഗീസ്**

ശരത്ക്കാലത്തെപ്പറ്റി ഇ -മലയാളിയിൽ വന്ന ലേഖനം വളരെ പുതിയ അറിവുകൾ നൽകുന്നതും കൗതുകമുണർത്തുന്ന വിവരങ്ങൾ അടങ്ങിയതുമായിരുന്നു. പ്രകൃതിക്ക് താളങ്ങളും രാഗങ്ങളും ഉണ്ടെന്നുള്ളത് വളരെ ജിജ്ഞാസ ഉണർത്തി. ഓരോ ഋതുക്കൾക്കും ഓരോ രാഗങ്ങൾ. ആ രാഗങ്ങളിൽ ചിട്ടപ്പെടുത്തി സംഗീതജ്ഞർ പാട്ടുകൾ ഉണ്ടാക്കുന്നു. എനിക്ക് ഗാനങ്ങൾ കേൾക്കുന്നത് ഇഷ്ടമാണെങ്കിലും അതിന്റെ താളവും രാഗങ്ങളും ഒന്നുമറിയില്ല.എന്നാൽ ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന ഒരു ഗാനം ശരത്കാല ഋതുവമായി ബന്ധപ്പെട്ടതാണെന്നു കണ്ടു. 'ഇന്നലെ മയങ്ങുമ്പോൾ, ഒരു മണിക്കിനാവിന്റെ' വായനക്കാരുടെ ഓർമ്മ പുതുക്കാനായി ആ ഗാനം പൂർണ്ണമായി താഴെ കൊടുക്കുന്നു.

ഇന്നലെ മയങ്ങുമ്പോൾ - ഒരു മണിക്കിനാവിന്റെ
പൊന്നിൻ ചിലമ്പൊലി കേട്ടുണർന്നു
ഇന്നലെ മയങ്ങുമ്പോൾ ഒരു മണിക്കിനാവിന്റെ
പൊന്നിൻ ചിലമ്പൊലി കേട്ടുണർന്നു
(ഇന്നലെ... )

മാധവമാസത്തിൽ ആദ്യം വിരിയുന്ന
മാധവമാസത്തിൽ ആദ്യം വിരിയുന്ന
മാതളപ്പൂമൊട്ടിൻ മണം പോലെ
ഓർക്കാതിരുന്നപ്പോൾ - ഒരുങ്ങാതിരുന്നപ്പോൾ
ഓർക്കാതിരുന്നപ്പോൾ ഒരുങ്ങാതിരുന്നപ്പോൾ
ഓമനേ നീയെന്റെ അരികിൽ വന്നു
ഓമനേ നീയെന്റെ അരികിൽ വന്നു
(ഇന്നലെ... )

പൌർണ്ണമി സന്ധ്യതൻ
പാലാഴി നീന്തിവരും
വിണ്ണിലെ വെണ്മുകിൽ കൊടിപോലെ
പൌർണ്ണമി സന്ധ്യതൻ പാലാഴി നീന്തിവരും
വിണ്ണിലെ വെണ്മുകിൽ കൊടിപോലെ
തങ്കക്കിനാവിങ്കൽ ഏതോ സ്മരണതൻ
തങ്കക്കിനാവിങ്കൽ ഏതോ സ്മരണതൻ
തംബുരു ശ്രുതിമീട്ടി നീ വന്നൂ
തംബുരു ശ്രുതിമീട്ടി നീ വന്നൂ
(ഇന്നലെ... )

വാനത്തിന്നിരുളിൽ വഴിതെറ്റി വന്നുചേർന്ന
വാസന്തചന്ദ്രലേഖ എന്നപോലെ
വാനത്തിന്നിരുളിൽ വഴിതെറ്റി വന്നുചേർന്ന
വാസന്തചന്ദ്രലേഖ എന്നപോലെ
മൂടുപടമണിഞ്ഞ മൂകസങ്കൽപ്പം പോലെ
മൂടുപടമണിഞ്ഞ മൂകസങ്കൽപ്പം പോലെ
മാടിവിളിക്കാതെ നീ വന്നു
മാടി വിളിക്കാതെ നീ വന്നു
(ഇന്നലെ... )

ഇന്നലെ മയങ്ങുമ്പോൾ' എന്ന ഈ ഗാനം 1967-ൽ പുറത്തിറങ്ങിയ 'അന്വേഷിച്ചു കണ്ടെത്തിയില്ല' എന്ന മലയാള സിനിമയിലെ അതിമനോഹരമായ ഒരു പ്രണയഗാനമാണ്. രചന: പി. ഭാസ്കരൻ., സംഗീതം: എം.എസ്. ബാബുരാജ് ആലാപനം: കെ.ജെ. യേശുദാസ്, രാഗം: യമുനാ കല്യാണി (ഹിന്ദുസ്ഥാനിയിൽ യമൻ കല്യാൺ). സുധീറിന്റെ ലേഖനത്തിൽ ഈ രാഗം ശരത്കാല ഋതുവുമായി ബന്ധപ്പെട്ടതാണെന്നു പറയുന്നു.

മലയാളികളുടെ പ്രിയ കഥാകാരൻ പാറപ്പുറത്തിന്റെ

ഏറ്റവും പ്രശസ്തമായ നോവലുകളിലൊന്നാണ് 'അന്വേഷിച്ചു; കണ്ടെത്തിയില്ല'.. കുടുംബത്തെ രക്ഷിക്കാൻ വേണ്ടി സ്വന്തം സുഖങ്ങൾ ത്യജിച്ച് മധ്യവർഗ്ഗ കുടുംബങ്ങളിലെ മൂത്ത പെൺകുട്ടികൾ കന്യാസ്ത്രീയായോ/നേഴ്സായോ ജീവിതം തിരഞ്ഞെടുക്കുന്ന പ്രമേയം പാറപ്പുറത്ത് അദ്ദേഹത്തിന്റെ പല നോവലുകളിലും ഉപയോഗിച്ചിട്ടുണ്ട്. അന്വേഷിച്ചു കണ്ടെത്തിയില്ല എന്ന നോവലിലെ പ്രധാന കഥാപാത്രം നേഴ്സാണ്.ആതുരസേവനരംഗത്ത് ജോലി ചെയ്തിരുന്ന ഞാനും എന്റെ കൂട്ടുകാരികളും ഒരുമിച്ച് കണ്ട സിനിമയാണ് ഇത്. അതുകൊണ്ട് ഈ സിനിമയും അതിലെ രംഗങ്ങളും ഓർമ്മയിൽ താങ്ങി നിൽക്കുന്നു. പേരാരാത്തതിന് സിനിമ പറയുന്ന കഥ ഒരു നേഴ്സിന്റെയാണെന്നുള്ളതും അതെല്ലാം ഓർക്കാൻ കാരണമാണ്. ഈ സിനിമയിൽ കെ ആർ വിജയ ആണ് മുഖ്യകഥാപാത്രമായ നേഴ്സായി അഭിനയിക്കുന്നത്.

ഈ സിനിമയിലെ ഒരു പ്രേമരംഗത്താണ് ഈ ഗാനം നമ്മൾ കേൾക്കുന്നത്. ഓരോ വരിയും പ്രണയസുരഭിലവും ശ്രവണമധുരവുമാണ്. ഇതിലെ നായകന്റെ മനസ്സിലേക്ക് പ്രതീക്ഷിക്കാതെ കടന്നുവരുന്ന സുന്ദരിയായ നേഴ്സ് സൂസമ്മയെ പറ്റി അദ്ദേഹം പാടുന്നതാണ് സന്ദർഭം. തന്റെ പ്രണയാഭിലാഷങ്ങൾ അതിലോലമായ ഭാവത്തോടെ അദ്ദേഹം പാടുന്നു. നായകൻ രാത്രി ഉറങ്ങി കിടക്കുമ്പോൾ ഒരു പൊന്നിൻ ചിലമ്പൊലി കേൾക്കുന്നു. ഒരു സ്വപ്നം പോലെ, വിശ്വസിക്കാനാവാതെ.

പിന്നെ പറയുന്ന വരികളിൽ പറയുന്നത് ആ ചിലമ്പൊലി മധുമാസത്തിലെ ആദ്യം വിരിയുന്ന മാതളപ്പൂമൊട്ടിൻ മണം പോലെ അനുഭവപ്പെട്ടെന്നാണ്. ഓർക്കാപ്പുറത്ത് ചിലങ്ക ചാർത്തിയ ആ പാദങ്ങൾ അദ്ദേഹത്തിന്റെ അരികിൽ എത്തി എന്നാണ്. പിന്നെയും അവളെ വർണ്ണിക്കുന്നു. അവൾ പൗർണ്ണമി സന്ധ്യകളിൽ പാലാഴി നീന്തിവരുന്ന വിണ്ണി



ലെ വെണ്മുകിൽ കൊടിപോലെ എന്ന്. പി ഭാസ്കരൻ മാഷുടെ ലളിത സുന്ദരമായ ആകർഷണമായ വരികൾ. ഓർമ്മകളുടെ തമ്പുരു മീട്ടി അവൾ ഏതോ പൊന്നിൻ കിനാവിൽ അദ്ദേഹത്തിന്റെ അരികിൽ വന്നുവെന്ന ഭാവന. പ്രണയാർദ്രമായ മനസ്സുകളെ ഹർഷോന്മാദമാക്കുന്ന വരികളുടെ മാന്ത്രിക ശക്തി.

ആകാശത്തിന്റെ ഇരുളിൽ വഴിതെറ്റി വന്ന വസന്തചന്ദ്രിക പോലെ, മൂടുപടം അണിഞ്ഞ മൂകസാങ്കല്പം പോലെ അവൾ വിളിക്കാതെ അരികിൽ എത്തി. ശരത്കാല ചന്ദ്രികയും, തണുത്ത കാറ്റും, രാവിന്റെ നിശ്ശബ്ദതയും ഈ പാട്ടിന്റെ രാഗവും വളരെ ആസ്വാദകരമാണ്. വാസ്തവത്തിൽ നമുക്ക് ചുറ്റും എത്രയോ മനോഹരമായ കാഴ്ചകൾ അരങ്ങേറുന്നു.

ജീവിതായോധനത്തിൽ അല്ലെങ്കിൽ ശാരീരികമായ അസുഖങ്ങളാൽ നമ്മൾ അവ നഷ്ടപ്പെടുത്തുന്നു. എന്നാൽ അതെല്ലാം അറിയുകയും അതിനെ നമ്മോട് ചേർക്കുകയും ചെയ്യുമ്പോൾ ഒരു പക്ഷെ മാനസികോല്ലാസം ലഭിക്കുമെന്ന് തന്നെ പറയാം. എനിക്ക് ഗാനങ്ങൾ പ്രിയതരങ്ങൾ ആയതുകൊണ്ട് ഞാൻ അതിന്റെ അർത്ഥം രാഗത്തെക്കാൾ കൂടുതൽ ശ്രദ്ധിക്കാറുണ്ട്. രാഗങ്ങളെക്കുറിച്ച് അറിവുള്ളവർ വിരളമായിരിക്കാം. ഈ ഗാനത്തിലെ ഓരോ വരിയിലും ഭാഷയുടെ സൗന്ദര്യം നിറഞ്ഞു നിൽക്കുന്നു. പാടുന്നത് നമ്മുടെ ഗാനഗന്ധർവൻ യേശുദാസ് ആകുമ്പോൾ കേട്ടാലും മതിവരാത്ത ഗാനമാകുന്നു.

രാഗങ്ങളെക്കുറിച്ച് നമ്മൾ മനസ്സിലാക്കണമെന്ന ലേഖനം ഇത്രയും കുത്തിക്കുറിക്കാൻ പ്രചോദനമായി. ഗാനങ്ങൾ കേൾക്കുന്നത് രോഗങ്ങളെ അകറ്റാനും, ഉള്ള രോഗങ്ങൾക്ക് ശാന്തി പകരാനും കഴിയുമെന്ന് ശാസ്ത്രം പോലും സമ്മതിച്ചിട്ടുള്ളതാണ്. ഓർക്കാതിരുന്നപ്പോൾ ഒരുങ്ങാതിരുന്നപ്പോൾ എന്തെങ്കിലും എഴുതാൻ കഴിയുന്നു.


pravasi
CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us